# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2022 ജൂലൈ 12, ചൊവ്വ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ—334]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | : 2664 മുതൽ 2759 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 2760 മുതൽ 2817 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 2818 മുതൽ 2907 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി | : 2908 മുതൽ 2997 വരെ |

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഭവന/ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ**

2664 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി വഴി 2016-17 മുതൽ മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**മങ്കട മണ്ഡലത്തിലെ വീടില്ലാത്ത എസ്.സി., എസ്.ടി. കുടുംബങ്ങൾ**

2665 **ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് മങ്കട

മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നും ആയതിൽ ഭൂരഹിതരും ഭവനരഹിതരും ആയി എത്രപേരുണ്ടെന്നുമുള്ള കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കാമോ?

## പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാർപ്പിടം

2666 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ആദിവാസികൾ അടക്കമുള്ള പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ സ്വന്തമായി പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(സി) ആദിവാസികൾ അടക്കമുള്ള എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻ സർക്കാർ പാർപ്പിടം നിർമ്മിച്ച് നൽകിയെന്നും തുടർ സർക്കാർ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് പാർപ്പിടം നൽകിയെന്നും വ്യക്തമാക്കുമോ?

## ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടിക വർഗ്ഗ കുടുംബങ്ങൾ

2667 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനു വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണ് നിലവിലുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് ഭൂമിയും വീടും നൽകുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

## വാമനപുരം മണ്ഡലം പട്ടികവർഗ്ഗ കോളനികളിലെ വിവിധ പദ്ധതികൾ

2668 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) കോളനികളുടെ പേരു വിവരവും അവിടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും ഓരോന്നിനും അനുവദിച്ച ഫണ്ട് എത്രയാണെന്നും അറിയിക്കാമോ;

(സി) ഫണ്ട് അനുവദിച്ചിട്ടും ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത

ഏതെങ്കിലും പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ?

**അംബേദ്കർ ഗ്രാമം പദ്ധതി**

2669 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായുള്ള അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന നിർവ്വഹണ ഏജൻസി ഏതാണ്; പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുക്കുന്ന രീതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) മഞ്ചേരി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**വട്ടപ്പറമ്പ് എസ്.സി. കോളനി റോഡ് നിർമ്മാണം**

2670 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ ആറാം വാർഡിൽ പതിനെട്ടോളം എസ്.സി. കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്തേക്കുള്ള പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് പുനരുദ്ധരിക്കുന്നത് സംബന്ധിച്ച നിവേദനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഗതാഗത യോഗ്യമല്ലാത്ത വിധം തകർന്നതിനാൽ വട്ടപ്പറമ്പ് എസ്.സി.കോളനി നിവാസികൾക്ക് മെയിൻ റോഡിൽ എത്താൻ ഏറെ ബുദ്ധിമുട്ട് നേരിടുന്നത് കണക്കിലെടുത്ത് കോളനിയ്ക്ക് അകത്തുള്ള ഭാഗവും കോളനിയിലേക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് കോർപ്പസ് ഫണ്ടിൽ നിന്നും തുക വകയിരുത്തി റോഡ് പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മഞ്ഞനക്കാട് കോളനിയിലെ പുനരുദ്ധാരണ പ്രവൃത്തികൾ**

2671 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മഞ്ഞനക്കാട് കോളനിക്ക് പ്രളയാനന്തര പുനർനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കപ്പെട്ട അൻപത് ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കോളനിയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക വികസന പാക്കേജ്

അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

2672 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കോളനി നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ?

**<u>സംസ്ഥാനത്തെ കോളനി നവീകരണ പ്രവൃത്തികൾ</u>**

2673 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളനികളുടെ നവീകരണത്തിന് വിവിധ പദ്ധതികളിലൂടെ സർക്കാർ അനുവദിക്കുന്ന പണം സമയബന്ധിതമായി ചെലവഴിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഓരോ പ്രവൃത്തിക്കും പ്രത്യേക കലണ്ടർ തയ്യാറാക്കി മാസം തോറും മോണിറ്ററിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകാമോ;

(സി) കോളനി നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഏജൻസികൾ അവരുടെ ചുമതല നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങൾ ഉയർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കാമോ?

**<u>കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ</u>**

2674 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുണ്ടെന്നും പ്രസ്തുത കോളനികൾ ഓരോന്നിലും എത്ര കുടുംബങ്ങളുണ്ടെന്നും അറിയിക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ കോളനികൾ</u>**

2675 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഓരോ കോളനിയിലും നിലവിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് അറിയിക്കുമോ?

**ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസന പദ്ധതികൾ**

2676 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ കോളനി പ്രദേശങ്ങളുടെ വികസനത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

**ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി കോളനികളിലെ കുടിവെള്ള ലഭ്യത**

2677 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള ലഭ്യത കുറവുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പാറശാല മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ നവീകരണം**

2678 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കോളനികളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പട്ടികജാതി കോളനിയിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഫീസിബിലിറ്റി ഉള്ളവയും ഇല്ലാത്തവയുമായ കോളനികളുടെ വിശദാംശം തരംതിരിച്ച് നൽകാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം ലഭ്യമാക്കുമോ; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം പുതുതായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## കരുനാഗപ്പള്ളി മണ്ഡലത്തിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

2679 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടിക ജാതി കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

2680 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടിക ജാതി കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കോളനികളുടെ പേരും അവിടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും ഓരോന്നിനും അനുവദിച്ച ഫണ്ട് എത്രയൊക്കെയാണെന്നും അറിയിക്കാമോ;

(സി) ഫണ്ട് അനുവദിച്ചിട്ടും ഇതുവരെ നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ ഏതെങ്കിലുമുണ്ടോയെന്ന് വിശദീകരിക്കാമോ?

## എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി

2681 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഗോത്ര ജനതയുടെ ജീവിത അഭിവൃദ്ധിയും സ്ഥിര വരുമാനവും ലക്ഷ്യമിടുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ മുപ്പത് ശതമാനത്തോളം ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം

2682 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കാത്തതിനാൽ

കോളനി നിവാസികൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ അമ്മാറമ്പ് കോളനിയിൽ സാംസ്കാരിക നിലയം ഉൾപ്പെടെയുള്ള 1 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഇപ്പോഴും പാതി വഴിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കോളനിയിൽ കുടിവെള്ള വിതരണം, കോൺക്രീറ്റ് റോഡുകൾ, ത്രീഫേസ് ലൈൻ കണക്ഷൻ, തെരുവ് വിളക്കുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

## മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ പദ്ധതികൾ

2683 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ അടിയന്തരമായി പരിഹരിക്കുവാൻ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## അമ്പലപ്പുഴ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2684 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കോളനികൾ ഏതൊക്കെ; എത്ര തുക വീതം ഇവിടെ അനുവദിച്ചു; ഏത് വർഷമാണ് ഇവിടെ തുക അനുവദിച്ചത്; എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിന് ശേഷമുള്ള വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി ഈ മണ്ഡലത്തിലെ കോളനികളെ പരിഗണിക്കാതെ പോയത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

## മണിമല മുക്കടയിലെ ഭൂമി ഉപയോഗപെടുത്തുന്നതിനുള്ള നടപടികൾ

2685 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമല മൂക്കടയിൽ പട്ടികജാതി വകുപ്പിന്റെ ഉടമസ്ഥതയിൽ ഒന്നരയേക്കറോളം ഭൂമി ഉപയോഗിക്കാതെ വെറുതെയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ഒരു പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ;

(സി) ഒരു പദ്ധതിക്കും പ്രസ്തുത സ്ഥലം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ആവശ്യമുള്ള മറ്റ് വകുപ്പുകൾക്ക് പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നതിനോ സാങ്കേതിക സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ അനുമതി നൽകാമോ; വ്യക്തമാക്കുമോ?

**ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന എസ്.സി., എസ്.ടി. വികസന പദ്ധതികൾ**

2686 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ എസ്.സി., എസ്.ടി., വിഭാഗങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) ചാലിയാർ പഞ്ചായത്തിലെ പാലക്കയം ആദിവാസി കോളനി റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് മറ്റ് നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കുടിവെള്ള ലഭ്യത**

2687 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള ലഭ്യതയില്ലാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ആദിവാസികൾക്ക് എതിരെയുള്ള അക്രമങ്ങൾ**

2688 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളായ വ്യക്തികൾക്കുനേരെ നടന്ന എത്ര അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

വിശദമാക്കാമോ;

(ബി) ആദിവാസികൾക്ക് എതിരെയുള്ള അക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല എന്ന വസ്തുത സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി പ്രാദേശിക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

## ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടിക്കെതിരെ മണ്ണ് മാഫിയ സംഘത്തിന്റെ അതിക്രമം

2689 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മാറാടി വില്ലേജ് മുളക്കല്ല് എന്ന സ്ഥലത്ത് താമസിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട വേങ്ങപ്ലാക്കിൽ ശ്രീ. ലാലുവിന്റെ മകളും മൂവാറ്റുപുഴ നിർമല കോളേജിലെ ബിരുദ വിദ്യാർഥിനിയുമായ കുട്ടിയെ മണ്ണ് മാഫിയാസംഘം ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പും പോലീസും, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം അനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) പ്രസ്തുത കേസിൽ പോലീസിൽ നിന്നും എഫ്.ഐ.ആർ. ലഭ്യമായോ; എങ്കിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളിലെ ചട്ടം 12(4 ) അനുസരിച്ച് എഫ്.ഐ.ആർ. ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ കുട്ടിക്ക് ആദ്യഗഡു നഷ്ടപരിഹാരം നൽകിയോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണവും നഷ്ടപരിഹാരം എന്നത്തേക്ക് നൽകുമെന്നും അറിയിക്കാമോ?

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങൾ അനുസരിച്ചുള്ള നഷ്ടപരിഹാരം

2690 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങൾ അനുസരിച്ച് ഇരയ്ക്കുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ചെലവ് അനുപാതം എപ്രകാരമാണെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും യഥാസമയം ഫണ്ട് ലഭ്യമാകുന്നുണ്ടോ എന്നറിയിക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങൾ ചട്ടം 12 (4) അനുസരിച്ച് എഫ്.ഐ.ആർ. ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ഇരയ്ക്ക് ആദ്യ

ഗഡു നഷ്ടപരിഹാരം അനുവദിക്കണമെന്ന വ്യവസ്ഥ പാലിക്കാറുണ്ടോ എന്നറിയിക്കാമോ;

(ഡി) ഇരയ്ക്ക് ആദ്യ ഗഡു നഷ്ടപരിഹാരം അനുവദിക്കുന്നതിന് ജില്ലാ തല വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുവാദം വാങ്ങണമെന്ന് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളിൽ ഇല്ലാത്ത വ്യവസ്ഥ വകുപ്പ് അനുവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് ഒഴിവാക്കി ചട്ടം 12 (4) അനുസരിച്ച് എഫ്.ഐ.ആർ. ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ഇരക്ക് ആദ്യ ഗഡു നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>ട്യൂഷൻ ഫീസ് റീ-ഇമ്പേഴ്സ്മെന്റ് നടപടികൾ</u>

2691 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ പത്താംക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇമ്പേഴ്സ് ചെയ്യുന്ന പദ്ധതി പ്രകാരം നിലവിൽ ആനുകൂല്യ വിതരണം നടക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

## <u>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം</u>

2692 **ശ്രീമതി.ഉമ തോമസ്**

**ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീ . സണ്ണി ജോസഫ്**

**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതര സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം വാഗ്ദാനം ചെയ്ത് ചില വ്യാജ ഏജൻസികൾ തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വ്യാജ വിദ്യാഭ്യാസ ഏജൻസികളുടെ പ്രലോഭനങ്ങളിൽപ്പെട്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വഞ്ചിതരാകാതിരിക്കുവാനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി നൽകുന്ന സഹായങ്ങൾ അർഹതപ്പെട്ടവരിൽ എത്തിച്ചേരുന്നു എന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ആദിവാസി ജനവിഭാഗങ്ങളിൽ എത്തിക്കുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുമോ; വിശദാംശം നൽകുമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ</u>

## പ്രവർത്തനങ്ങൾ

2693 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016 മുതൽ 2022 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ആദിവാസി വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക് തിരികെ എത്തിക്കുന്നതിന് നടപടി

2694 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് അടച്ചിടലിന് ശേഷം ആദിവാസി വിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്തുന്നില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നടപ്പ് അദ്ധ്യയന വർഷം ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾ സ്കൂളിലേക്ക് എത്തുന്ന കാര്യത്തിൽ മുൻ വർഷത്തെക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കോവിഡാനന്തര സാഹചര്യത്തിൽ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത നടപടികൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളെ സ്കൂളുകളിലേക്ക് തിരികെ എത്തിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

2695 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലം ഉൾപ്പെടെ പ്രൊപ്പോസ് ചെയ്തുകൊണ്ട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ;

(സി) ഇരിക്കൂർ മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് നടപടി

സ്വീകരിക്കുമോ?

**പട്ടികജാതി, പട്ടികവർഗ്ഗ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഗ്രാന്റും**

2696 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലെ കോളേജുകളിൽ ഉന്നതവിദ്യാഭ്യാസം നടത്തിവരുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളോ, ഗ്രാന്റുകളോ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) വിവിധ സർവ്വകലാശാലകളിൽ അഫിലിഷേൻ നേടിയിട്ടുള്ള സഹകരണ മേഖലയിലെ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് കൂടി വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഗ്രാന്റുകളും ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

**അൺ എയ്ഡഡ്, പാരലൽ വിദ്യാലയങ്ങളിൽ പഠനത്തിനുള്ള ധനസഹായം**

2697 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയിഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അൺ എയ്ഡഡ്, പാരലൽ വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് എന്തൊക്കെ ആനുകൂല്യങ്ങളാണ് പട്ടികജാതി വികസന വകുപ്പ് മുഖേന നൽകി വരുന്നതെന്നറിയിക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി**

2698 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് വ്യക്തമാക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി**

2699 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം കരുനാഗപ്പള്ളി മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും

അതിൽ എത്ര പേർക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്നും അറിയിക്കാമോ;

(ബി) ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് വ്യക്തമാക്കാമോ?

## സ്കോളർഷിപ്പ് വിതരണം

2700 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എഡ്യുകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് എന്ന സ്ഥാപനത്തിൽ പഠിക്കുന്ന എസ്.സി., എസ്.ടി., ഒ.ഇ.സി., ഒ.ബി.സി. എന്നീ വിഭാഗങ്ങളിൽപ്പെട്ട ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്പെഷ്യൽ ഫീസ് ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കാലതാമസം കൂടാതെ സ്കോളർഷിപ്പ്, സ്പെഷ്യൽ ഫീസ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പ്രീമെട്രിക് ഹോസ്റ്റലുകളെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാക്കി ഉയർത്താൻ നടപടി

2701 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് എല്ലാവർക്കും പ്രവേശനം നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ മതിയായ സൗകര്യങ്ങളും ജീവനക്കാരും ഉണ്ടെങ്കിലും കുട്ടികൾ കുറവുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാക്കി ഉയർത്തി പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുമോ; വിശദമാകാമോ?

## ഓവർസീസ് സ്കോളർഷിപ്പ്

2702 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് ലഭിക്കാതെ നിരവധി കുട്ടികൾ ബുദ്ധിമുട്ടുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര കുട്ടികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്; നിരവധി കുട്ടികൾക്ക് സ്കോളർഷിപ്പ്

ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്കോളർഷിപ്പ് വിതരണത്തിനുള്ള മാനദണ്ഡങ്ങൾ സുതാര്യമാക്കുന്നതിനും അർഹതപ്പെട്ട എല്ലാവർക്കും അത് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് തുക</u>**

2703 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ, പ്ലസ് ടു വിഭാഗത്തിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് തുക എത്രയാണ്;

(ബി) മണലൂർ മണ്ഡലത്തിൽ എത്ര വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷം ഇതിന്റെ ആനുകൂല്യം നൽകുകയുണ്ടായി;

(സി) കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ അപേക്ഷ യഥാസമയം സമർപ്പിക്കാൻ സാധിക്കാതിരുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപെന്റ് എന്നിവ ലഭിക്കുന്നതിന് ആവശ്യമായ ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

**<u>പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.കൾ</u>**

2704 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ എത്ര ഐ.റ്റി.ഐ.കളാണ് പ്രവർത്തിക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പട്ടിക ജാതി വികസന വകുപ്പിന് കീഴിൽ എത്ര ഐ.റ്റി.ഐ.കൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

**<u>പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ</u>**

2705 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള എത്ര പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഹോസ്റ്റലുകളിലെ അന്തേവാസികളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

**<u>മാതിരപ്പിള്ളി ഗവൺമെന്റ് വി.എച്ച്.എസ്.ഇ.-ൽ ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം</u>**

2706 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) സ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞ് കിടക്കുന്ന 26 സെന്റ് സ്ഥലത്ത് ട്രൈബൽ ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും അനുകൂല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മാതിരപ്പിള്ളി ഗവൺമെന്റ് വി.എച്ച്.എസ്.ഇ.-ൽ ട്രൈബൽ ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പട്ടികവിഭാഗങ്ങൾക്ക് സംവരണം ചെയ്യുന്ന റേഷൻ കടകൾ

2707 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങൾക്ക് സംവരണം ചെയ്യുന്ന റേഷൻ കടകൾ ഏറ്റെടുത്ത് നടത്താൻ പലപ്പോഴും കഴിയാതെ വരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി പ്രസ്തുത വിഭാഗം സംരംഭകർക്ക് ആവശ്യമായ ധനസഹായവും പരിശീലനവും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ?

## സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി

2708 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര അപേക്ഷകളാണ് വകുപ്പിന്റെ പരിഗണനയിൽ ഉള്ളത്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ?

## മത്സര പരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ

2709 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഉദ്യോഗലബ്ധിക്കായുള്ള മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് വകുപ്പ് തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ്

2710 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ ശുപാർശയുടെ വെളിച്ചത്തിൽ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പഠിക്കാനും അത് നികത്തുവാനും ആരംഭിച്ച സ്പെഷ്യൽ ഡ്രൈവ് പദ്ധതിയുടെ പുരോഗതികൾ വെളിപ്പെടുത്തുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട വിവര ശേഖരണങ്ങൾക്കായി പിന്നാക്ക വിഭാഗ കമ്മീഷൻ ആസ്ഥാനത്ത് ആരംഭിച്ച വെബ്പോർട്ടൽ വഴി ലഭിച്ച വിവരങ്ങൾക്കനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) വിവിധ സമുദായങ്ങൾക്കുണ്ടായിട്ടുള്ള പ്രാതിനിധ്യക്കുറവ് സംബന്ധിച്ച് മുഖ്യമന്ത്രി അധ്യക്ഷനായ ഉന്നത സമിതിയുടെ കണ്ടെത്തലുകൽ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ഡി) സമിതിയുടെ കണ്ടെത്തലുകളുടെയും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏതെല്ലാം സമുദായത്തിന്റെ പ്രാതിനിധ്യക്കുറവ് പരിഹരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം

2711 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഹിന്ദു മതത്തിൽപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ ജനസംഖ്യാനുപതികമായ സംവരണം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികവിഭാഗക്കാർക്ക് സംവരണം നൽകുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വയനാട് ജില്ലയിലെ പ്രൊമോട്ടർമാർ

2712 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ആകെ എത്ര പ്രൊമോട്ടർമാരാണ് ജോലി ചെയ്തു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊമോട്ടർമാരിൽ പണിയ, അടിയ, കാട്ടുനായ്ക്ക എന്നീ വിഭാഗങ്ങളിൽപ്പെട്ട എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയിലെ ഓരോ പഞ്ചായത്തിലും നഗരസഭകളിലും എത്ര

പ്രൊമോട്ടർമാർ വീതം സേവനം നൽകി വരുന്നു എന്ന് വ്യക്തമാക്കാമോ?

<u>**എസ്.സി. പ്രൊമോട്ടർമാരുടെ നിയമനം**</u>

2713 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എസ്.സി. പ്രൊമോട്ടർമാർ നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എസ്.സി. പ്രൊമോട്ടർമാരുടെ നിയമനം എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കുമോ;

(സി) എസ്.സി. പ്രൊമോട്ടർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ?

<u>**കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം**</u>

2714 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വിശദമാക്കാമോ;

(ബി) 2022-23 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര തുകയാണ് കണ്ണൂർ ജില്ലയ്ക്ക് നീക്കി വെച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) 2021-22 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) 2022-23 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിൽ നിന്ന് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>**കായംകുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലെ പ്രവൃത്തികൾ**</u>

2715 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വകയിരുത്തിയ തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കാമോ?

<u>**ചാലക്കുടി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**</u>

2716 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പൂർത്തീകരിക്കാത്തവയുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ?

## കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

2717 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ 2019-20, 2020-21, 2021-2022 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കോർപ്പസ് ഫണ്ട് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കൊണ്ടോട്ടി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

2718 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2021-22 സാമ്പത്തിക വർഷം അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) 2022-23 വർഷത്തേക്ക് മണ്ഡലത്തിൽ നടപ്പാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ജില്ലയിൽ നിന്നും പ്രൊപ്പോസലുകൾ ഇതിനകം നൽകിയെന്നും വിശദമാക്കുമോ?

## ആലപ്പുഴ ജില്ലയിൽ കോർപ്പസ് ഫണ്ട് പദ്ധതി നടത്തിപ്പ്

2719 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21, 2021-22 വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചുവെന്നും ഇനിയും നിർമ്മാണം ആരംഭിക്കാത്തവ എത്ര എന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) നിർമ്മാണത്തിലെ കാലതാമസത്തിനുള്ള കാരണവും നിർമ്മാണം ഇനിയും

ആരംഭിക്കാതിരിക്കുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

**പെരിന്തൽമണ്ണ ബ്ലോക്ക് എസ്.സി. വികസന ഓഫീസിൽ സ്റ്റാഫ് പാറ്റേൺ**

2720 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ബ്ലോക്ക് എസ്.സി. വികസന ഓഫീസിൽ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഓഫീസിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ഓഫീസിൽ ആവശ്യമായ ജീവനക്കാരെ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ?

**എറണാകുളത്ത് ഫോർഷോറിലെ ഗോത്രവർഗ്ഗ സാംസ്കാരിക ഹബ്ബ്**

2721 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് എറണാകുളത്ത് ഫോർഷോറിൽ സ്ഥാപിച്ച ഗോത്രവർഗ്ഗ സാംസ്കാരിക ഹബ്ബിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകിവരുന്ന വിവാഹ ധനസഹായമായ 1.5 ലക്ഷം രൂപ പാലക്കാട് ജില്ലയിൽ 2021-22 കാലയളവിൽ എത്രപേർക്ക് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

**ആദിവാസി സമൂഹങ്ങൾക്കിടയിലെ ആരോഗ്യപ്രശ്നങ്ങൾ**

2722 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി സമൂഹങ്ങൾക്കിടയിലെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും പോഷകാഹാരക്കുറവിനെക്കുറിച്ചും വർധിച്ച് വരുന്ന ശിശു മരണനിരക്കിനെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ പട്ടികവർഗ ക്ഷേമ വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾ എൻ.ജി.ഒ. സംഘടനകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വിശദാംശം നൽകുമോ?

**നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിലെ തസ്തികകൾ**

2723 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിൽ ഏതെല്ലാം

തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ പേരും തസ്തികകളടക്കമുള്ള വിവരങ്ങളും എന്ന് മുതലാണ് ഇവർ മേൽപ്പറഞ്ഞ ഓഫീസിൽ ജോലി ചെയ്യാൻ തുടങ്ങിയതെന്നും ഇതുവരെ പ്രസ്തുത ഓഫീസിൽ മാത്രം ഇവർ എത്ര വർഷം തുടർച്ചയായി സർവീസ് പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസിൽ അഞ്ച് വർഷത്തിലധികമായി ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവരുണ്ടെങ്കിൽ അവരുടെ പേരും തസ്തികയും അറിയിക്കാമോ;

(സി) പ്രസ്തുത ഓഫീസിൽ ഏതെല്ലാം തസ്തികകളിലായി എന്നുമുതലാണ് താൽക്കാലിക ജീവനക്കാർ ജോലി ചെയ്ത് വരുന്നതെന്നും വർഷം തോറും നിയമനം പുതുക്കി നൽകിയിരുന്നതാണെങ്കിൽ ആദ്യമായി പ്രസ്തുത ഓഫീസിൽ ജോലിയിൽ പ്രവേശിച്ചത് എന്നാണെന്നതുമുൾപ്പെടെ ഇവരുടെ പേരും തസ്തികയടക്കമുള്ള വിവരങ്ങളും അറിയിക്കാമോ; പ്രസ്തുത ഓഫീസിൽ മാത്രം നാളിതുവരെ എത്ര വർഷം തുടർച്ചയായി ഇവർ സർവീസ് പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ;

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിൽ ആകെയുള്ള ഓഫീസുകളുടെ എണ്ണവും പ്രസ്തുത ഓഫീസുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത ഓഫീസുകളിൽ അനുവദിച്ച തസ്തികകളുടെയും ഒഴിവുള്ള തസ്തികകളുടെയും എണ്ണം സംബന്ധിച്ച വിവരവും ഓഫീസുകൾ തിരിച്ച് അറിയിക്കാമോ?

## <u>പട്ടികവർഗ വിഭാഗത്തിലെ അസുഖ ബാധിതർക്കുള്ള ചികിത്സാ സഹായ അപേക്ഷ</u>

2724 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ എം.എൽ.എ.യുടെ ശിപാർശ കത്തോടെ പട്ടികവർഗ വിഭാഗത്തിലെ അസുഖ ബാധിതർക്ക് ചികിത്സാ സഹായത്തിനായി നല്കിയിട്ടുള്ള അപേക്ഷകൾ എത്ര; എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) നൽകിയിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം എസ്.ടി. വകുപ്പിന്റെ വിവിധ ഓഫീസുകളിൽ കെട്ടിക്കിടപ്പുണ്ടെന്ന് അറിയിക്കുമോ?

## <u>ഡ്രീംസ് പദ്ധതി</u>

2725 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ വ്യവസായ സംരഭകത്വ വികസനത്തിനായി ഡ്രീംസ് എന്ന പേരിൽ ഒരു സ്റ്റാർട്ട് അപ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയ്ക്കായി സാമ്പത്തിക പാക്കേജ് അനുവദിച്ചിട്ടുണ്ടോ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

## വിങ്സ് പദ്ധതി

2726 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദളിത് വിദ്യാർത്ഥികൾക്കായി തുടങ്ങിയ വിങ്സ് പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) വിങ്സ് പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടുതൽ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നിലമ്പൂർ ഐ.ടി.ഡി.പി.ക്കു കീഴിലെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

2727 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ഐ.ടി.ഡി.പി.ക്കു കീഴിൽ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; ഓരോ പ്രീ-മെട്രിക് ഹോസ്റ്റലിലും അനുവദനീയമായ കുട്ടികളുടെ എണ്ണവും നിലവിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണവും ഹോസ്റ്റലുകളുടെ പേരുവിവരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേരും തസ്തികയും അവർ എന്നുമുതലാണ് ഹോസ്റ്റലുകളിൽ ജോലിയിൽ പ്രവേശിച്ചതെന്നും വിശദമാക്കാമോ; വർഷംതോറും ജോലി പുതുക്കി നൽകുന്നതാണെങ്കിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച വർഷവും അറിയിക്കാമോ;

(സി) നിലമ്പൂർ ഐ.ടി.ഡി.പി. ക്കു കീഴിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി തുടങ്ങിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിലെ 2011 മുതൽ 2022 വരെയുള്ള ഓരോ വർഷത്തെയും അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിന്റെയും ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് റിപ്പോർട്ടിന്റെയും ഓരോ വർഷത്തെയും ന്യൂനതാ സംഗ്രഹ റിപ്പോർട്ടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

2728 **ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സമഗ്രമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനാവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കി ശക്തിപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ ബാധ്യതകളുണ്ടോ; എങ്കിൽ പ്രസ്തുത ബാധ്യതകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സഹകരണ സംഘങ്ങളോടനുബന്ധിച്ചുള്ള നിർജ്ജീവ അവസ്ഥയിലായ തൊഴിൽ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് സാമ്പത്തിക പാക്കേജ് നടപ്പിലാക്കുമോ; വിശദമാക്കാമോ;

(ഡി) പട്ടിക ജാതി, പട്ടിക വർഗ്ഗ സംരംഭകർക്ക് വേണ്ടിയുള്ള സ്റ്റാർട്ടപ്പുകൾ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുമോ; വിശദമാക്കുമോ?

## വയനാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ

2729 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന ആകെ കുട്ടികളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ആകെ എത്ര ജീവനക്കാർ ഉണ്ടെന്നും അവരുടെ തസ്തികകൾ എന്തെല്ലാമാണെന്നും ഉള്ള വിവരം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ വർഷങ്ങളായി അദ്ധ്യാപക തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിലാണെന്നും തസ്തിക ഏതാണെന്നും മേൽ തസ്തികയിൽ സ്ഥിര നിയമനം നടത്താത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

## പട്ടികജാതി വ്യവസായ സംരഭകത്വ വികസനം

2730 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വ്യവസായ സംരഭകത്വ വികസനത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നിലവിൽ ഈ മേഖലയിൽ എത്ര സ്റ്റാർട്ടപ്പുകളാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റാർട്ടപ്പുകൾ ഏതൊക്കെ മേഖലയിലാണെന്ന് വിശദമാക്കാമോ?

## വീട് നിർമ്മിക്കുന്നതിന് സർക്കാർ സഹായം

2731 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായിട്ടുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സർക്കാർ സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡം എന്താണെന്നും മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് എത്രവീടുകളുടെ നിർമ്മാണത്തിന് എത്ര രൂപ വീതം സഹായമായി നൽകിയിട്ടുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഭാഗികമായി നിർമ്മിച്ച വീടുകളുടെ പൂർത്തീകരണത്തിനും ജീർണ്ണാവസ്ഥയിലായ വീടുകളുടെ പുനരുദ്ധാരണത്തിനും സർക്കാർ സഹായം നൽകാറുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡങ്ങൾ എന്താണെന്നും മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് ഇത്തരത്തിൽ എത്ര വീടുകൾക്ക് എത്ര രൂപ വീതം സഹായം നൽകി എന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) പഠനമുറി നിർമ്മാണത്തിനായി മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് നൽകിയ സഹായങ്ങൾ എത്രയാണെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ?

## <u>കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>

2732 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത തെക്കേക്കര കോളനി, കൊടുമുടി-പോക്കാട്ടുകുഴി കോളനി, പൊറ്റക്കളംപടി കോളനി എന്നിവയുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ അവസ്ഥയും വിശദമാക്കുമോ;

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

## <u>ചാത്തന്നൂർ മണ്ഡലത്തിലെ ഭൂരഹിത - ഭവനരഹിത പട്ടികജാതി കുടുംബങ്ങൾ</u>

2733 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നിലവിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടിക ജാതി കുടുംബങ്ങളുണ്ട്; ആയതിൽ ഭവനരഹിതർ മാത്രമായ കുടുംബങ്ങളെത്രയെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ?

## <u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾ</u>

2734 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ,

പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് പറയാമോ;

(ബി) ഇതിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് വിശദമാക്കാമോ?

**<u>പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി</u>**

2735 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഊരുകൂട്ടത്തിന്റെ നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം, ഏജൻസികളെ ഒഴിവാക്കി തദ്ദേശസ്വയംഭരണ വകുപ്പിനെയോ പൊതുമരാമത്ത് വകുപ്പിനെയോ ഏൽപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>മഹാത്മ അയ്യങ്കാളിയുടെ സ്മൃതിമണ്ഡപം</u>**

2736 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മ അയ്യങ്കാളിയുടെ ജന്മസ്ഥലമായ വെങ്ങാനൂരിലെ സ്മൃതിമണ്ഡപം തീർത്ഥാടനകേന്ദ്രമായി 2019ൽ പ്രഖ്യാപിച്ചതിനെ തുടർന്ന് അവിടെ നടത്തിയിട്ടുള്ള വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തീർത്ഥാടനകേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി ആയത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ സാമൂഹ്യക്ഷേമ പദ്ധതികൾ</u>**

2737 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത്, പദ്ധതി എന്നിവ തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ ഇത്തരത്തിലുള്ള ക്ഷേമ പദ്ധതികളുടെ ആനുകൂല്യം

ലഭിക്കാൻ യോഗ്യതയുള്ളവർ എത്രയുണ്ടെന്നും ഇതിൽ എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ ബാക്കിയുണ്ടെന്നും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

(സി) ഇത്തരം ആനുകൂല്യങ്ങൾ യോഗ്യരായവരിലേക്ക് എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

## വയനാട്ടിലെ ട്രൈബൽ ഓഫീസുകളിലെ ക്രമക്കേട്

2738 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ട്രൈബൽ ഓഫീസുകളിൽ വലിയതോതിൽ ക്രമക്കേട് നടന്നുവെന്ന് എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ക്രമക്കേടാണ് ചൂണ്ടിക്കാണിച്ചത്; വ്യക്തമാക്കാമോ?

## പനമരം ട്രൈബൽ ഓഫിസിലെ ക്രമക്കേടുകൾ

2739 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പനമരം ട്രൈബൽ ഓഫീസിലെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണത്തിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയെന്നും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

## പട്ടികജാതി വകുപ്പിലെ ഓഡിറ്റ്

2740 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ഈ വർഷം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; അതിൽ ക്രമക്കേടുകൾ കണ്ടെത്തിയത് ഏതെല്ലാം റിപ്പോർട്ടുകളിലാണ്;

(ബി) പ്രസ്തുത വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വർഷം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; അതിൽ ക്രമക്കേടുകൾ കണ്ടെത്തിയത് ഏതെല്ലാം റിപ്പോർട്ടുകളിലാണ്;

(സി) പട്ടികജാതി വകുപ്പിന്റെ ഏതെല്ലാം ഓഫിസുകളിലെ ക്രമക്കേടുകളെക്കുറിച്ചാണ് എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) എം.ആർ.എസ് ഹോസ്റ്റലുകളിൽ ക്രമക്കേട് നടന്നതായി എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഏതെല്ലാം എം.ആർ.എസ് ഹോസ്റ്റലുകളിലെ അഴിമതിയാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്;

(ഇ) നിലമ്പൂർ പട്ടികവർഗ ഓഫീസിൽ എന്തൊക്കെ അഴിമതി നടന്നുവെന്നാണ് എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് മെഡിക്കൽ കോളേജിന്റെ പുരോഗതി

2741 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ പുരോഗതിക്കും വികസനത്തിനുമായി 2016 മുതൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>കൊടുവള്ളി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

2742 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരോമ്പാറ കോളനി നവീകരണവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന ഡയറക്ടറേറ്റിലെ ഡി.ഇ.വി./ സി1/32040/2017ലെ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) നരോമ്പാറ കോളനി നവീകരണത്തിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) താമരശ്ശേരി പഞ്ചായത്തിലെ എളോത് കണ്ടി എ.കെ.ജി. കോളനിയിലെ വികസന പദ്ധതിയുമായി ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഡി.ഇ.വി./സി1/9119/2021എന്ന ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോളനിയുടെ പദ്ധതി നിർവ്വഹണത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

**<u>കടുത്തുരുത്തി മണ്ഡലത്തിലെ ലൈഫ് പദ്ധതി</u>**

2743 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ടവരുടെ വിവാഹത്തിന് എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് ഏതെല്ലാം വകുപ്പുകളിലേയ്ക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി

എന്നാണെന്നും ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## സമാജവാദി കോളനിയുടെ അടിസ്ഥാന പ്രശ്നം

2744 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ തോട്ടാടയിൽ സ്ഥിതിചെയ്യുന്ന സമാജവാദി കോളനിയുടെ അടിസ്ഥാന പ്രശ്നം പരിഹരിക്കാൻ സർക്കാർ മുൻ കൈ എടുക്കുമോ; വിശദമാക്കാമോ;

(ബി) ജനങ്ങൾ തിങ്ങി പാർക്കുന്ന കോളനിയിൽ ശുദ്ധജല ലഭ്യതയ്ക്കും മാലിന്യ സംസ്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കോളനിയിലെ ജനങ്ങൾക്ക് താമസിക്കാൻ ലൈഫ് പദ്ധതിയിൽപ്പെടുത്തി താമസ സൗകര്യം ഏർപ്പെടുത്തുമോ?

## അംബേദ്കർ ഗ്രാമപദ്ധതി

2745 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമപദ്ധതികളിൽ ഉൾപ്പെടുത്തിയ കോളനികളുടെ നവീകരണ പ്രവർത്തികൾ വൈകുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ ഗ്രാമ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വന്ന കാലതാമസം എന്തെന്ന് വിശദമാക്കാമോ?

## പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികളുടെ സംവരണം

2746 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് വൺ, ഡിഗ്രി മുതലായ കോഴ്സുകൾ പഠിക്കുന്നതിന് ഇപ്പോൾ നൽകിയിരിക്കുന്ന സംവരണ സീറ്റ് സംബന്ധിച്ച വിവരങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് യോഗ്യത പരീക്ഷ പാസ്സായ മുഴുവൻ പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കും കഴിഞ്ഞ വർഷങ്ങളിൽ പ്ലസ് വൺ, ഡിഗ്രി അഡ്മിഷൻ ലഭിക്കുന്നതിന് ഈ സംവരണം മൂലം സാധ്യമായിരുന്നോ; വിശദമാക്കാമോ?

## പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

2747 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ . സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ അക്കാദമിക വർഷം പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള നിരവധി അപേക്ഷകൾ ബന്ധപ്പെട്ടവർ സ്വീകരിക്കാതിരുന്നതിനാൽ വിദ്യാർഥികൾക്ക് വലിയ പ്രതിസന്ധി ഉണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പിന്നാക്ക വിഭാഗ വികസനത്തിന് പ്രത്യേക വകുപ്പ് ഉള്ളതിനാൽ പട്ടികജാതി വികസന വകുപ്പിൽ പ്രസ്തുത വിദ്യാർഥികളുടെ അപേക്ഷകൾ സ്വീകരിക്കുകയില്ലെന്ന ഉദ്യോഗസ്ഥ നിലപാടിനെ തുടർന്നുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) നിർധനരായ പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ ഉപരി പഠന കാര്യങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കാതെ അവരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് പര്യാപ്തമായ രീതിയിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിനെ ശക്തിപ്പെടുത്തുമോ; വിശദാംശം നൽകുമോ?

## <u>ആലത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടയം</u>

2748 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ പട്ടയം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>എന്റെ വീട് പദ്ധതി</u>

2749 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്റെ വീട് പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷൻ എത്ര പേർക്ക് ഭവന വായ്പ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകുന്ന ഭവന വായ്പാ പദ്ധതികളും മറ്റ് വായ്പാ പദ്ധതികളും വിശദമാക്കാമോ?

**പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ**

2750 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. പി.വി.അൻവർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പ് കേരള ട്രൈബൽ പ്ലസ് എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്; എത്രത്തോളം അധിക തൊഴിൽ ഈ പദ്ധതിയിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനായി ആരംഭിച്ച ഗോത്ര ജീവിക പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**ആരാധനാലയങ്ങൾക്ക് സർക്കാർ ഖജനാവിൽ നിന്ന് അനുവദിച്ച തുക**

2751 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് -19 മഹാമാരിയെ തുടർന്ന് അടച്ച് പൂട്ടപ്പെട്ട ആരാധനാലയങ്ങൾ വരുമാനമില്ലാതെ കഷ്ടതയനുഭവിച്ച ഘട്ടത്തിൽ സഹായധനം അനുവദിച്ചിരുന്നുവോ; വിശദാംശം അറിയിക്കാമോ?

**കേരളത്തിന് പുറത്ത് ദേവസ്വം ബോർഡിന്റെ ആസ്തികൾ**

2752 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്ത് ദേവസ്വം ബോർഡിന് എവിടെയെല്ലാം എന്തെല്ലാം ആസ്തികളുണ്ടെന്ന് വിശദമാക്കാമോ;

(ബി) കൈവശാവകാശ രേഖകൾ പ്രകാരമുള്ള എല്ലാവിധ ആസ്തികളിലും ദേവസ്വം ബോർഡിന് പൂർണ്ണ ഉടമസ്ഥാവകാശം ഉണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കേരളത്തിന് പുറത്തുള്ള ആസ്തികളിൽ നിന്ന് ഓരോ വർഷവും ലഭിക്കുന്ന വരുമാനം എത്രയാണെന്ന വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

**ക്ഷേത്രങ്ങളുടെ സംരക്ഷണവും കർക്കിടക വാവുബലി ഒരുക്കവും**

2753 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ കർക്കടകവാവ് ബലിക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ശബരിമല ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷം ഏതെല്ലാം ക്ഷേത്രങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദമാക്കാമോ?

## <u>മലബാർ ദേവസ്വം ബിൽ</u>

2754 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്ര ജീവനക്കാർക്ക് അഞ്ചുമാസത്തിലധികമായി ശമ്പളം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(ബി) മലബാറിലെ ക്ഷേത്ര ജീവനക്കാർ നിരന്തരമായി ഉന്നയിക്കുന്ന മലബാർ ദേവസ്വം ബിൽ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) 2017-ൽ അന്നത്തെ ബോർഡ് ചെയർമാൻ കെ.ഗോപാലകൃഷ്ണൻ അധ്യക്ഷനായ കമ്മീഷൻ മലബാർ ദേവസ്വം ബിൽ പാസ്സാക്കണമെന്ന് സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ഇതുവരെയായി ബിൽ പാസ്സാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ക്ഷേത്ര പരിപാലനവും സേവന വേതന വ്യവസ്ഥകളും പരിഷ്കരിക്കേണ്ട ആവശ്യകതയെക്കുറിച്ച് പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) മലബാർ ദേവസ്വം ബിൽ എപ്പോൾ പാസ്സാകുമെന്ന് വ്യക്തമാക്കാമോ?

## <u>മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലി</u>

2755 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ചിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ എന്നിവയിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് ധനകാര്യ വകുപ്പിലേക്ക് അയച്ച

പ്രൊപ്പോസലിന്മേൽ മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) നിലവിലെ സാഹചര്യം കണക്കിലെടുത്ത് വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അലവൻസുകൾ നൽകുന്നതിന് വേണ്ടി സർക്കാരിൽ നിന്നും അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

## നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന് അനുവദിച്ച തുക

2756 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ദേവസ്വം ബോർഡ് എത്ര തുകയാണ് അനുവദിച്ചത് എന്ന് വിശദമാക്കാമോ; ഇത് ഏതൊക്കെ പ്രവൃത്തികൾക്കാണ് എന്ന് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

## ചന്ദ്രഗിരി ശ്രീ ശാസ്താക്ഷേത്രത്തിലെ നിർമ്മാണ പ്രവൃത്തികൾ

2757 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി ശ്രീ ശാസ്താ ക്ഷേത്രത്തിൽ ശുചിമുറിയും നടപ്പന്തലും നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിലേക്കായി അമ്പല കമ്മിറ്റി സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ഈ ക്ഷേത്രത്തിന്റെ പ്രൊപ്പോസൽ എത്രയും വേഗം പരിഗണിച്ച് സാമ്പത്തികാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

## അന്യാധീനപ്പെട്ട ദേവസ്വം ഭൂമി വീണ്ടെടുക്കുന്നതിന് നടപടി

2758 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി ഉണ്ടായിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വിവിധ ക്ഷേത്രങ്ങളിലെ നിലവിലുള്ള ഭൂമി എത്രയെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മലബാർ ദേവസ്വം ബോർഡിലെ ശമ്പളവും ആനുകൂല്യങ്ങളും

2759 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് സർക്കാർ ശമ്പളം നേരിട്ട് നൽകണമെന്ന് ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അനുകൂല നിലപാടെടുക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(ബി) മലബാർ ദേവസ്വം ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്താൻ ക്ഷേമനിധി ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളിലാണ് വർദ്ധനവ് വരുത്താൻ ബോർഡ് തീരുമാനിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>പരിസ്ഥിതി ലോല മേഖല</u>

2760 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോലമേഖല വേണമെന്ന സുപ്രീംകോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## <u>വനവത്ക്കരണ പ്രവർത്തനങ്ങൾ</u>

2761 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേ, അതിർത്തി തിരിക്കൽ, വനവത്ക്കരണ പ്രവർത്തനങ്ങൾ, വനാതിർത്തിയിൽ താമസിക്കുന്ന സമൂഹത്തെ വനസംരക്ഷണത്തിൽ പങ്കാളികളാക്കൽ തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കൃഷിനാശം, വനാതിർത്തികളിൽ മനുഷ്യർക്കും കന്നുകാലികൾക്കും വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന ജീവഹാനി എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇക്കോട്ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പരിപാലനത്തിനുമായി മുൻ സർക്കാരിന്റേയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;?

## <u>വനഭൂമിയും പരിസ്ഥിതി ലോല മേഖലകളും</u>

2762 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനവിസ്തൃതി ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു വരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനഭൂമിയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം പരിസ്ഥിതി ലോലമേഖലകൾ പുനർ നിർവ്വചിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കോടതി പറയുന്ന മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന മേഖലകൾ മിക്കതും ഇപ്പോൾ ജനവാസ മേഖലകൾ ആയി മാറിയതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളെ കുടിയൊഴിപ്പിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്നും വെളിപ്പെടുത്തുമോ?

## വനവത്ക്കരണ പ്രവർത്തനങ്ങൾ

2763 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേ, അതിർത്തി തിരിക്കൽ, വനവത്ക്കരണ പ്രവർത്തനങ്ങൾ, വനാതിർത്തിയിൽ താമസിക്കുന്ന സമൂഹത്തെ വനസംരക്ഷണത്തിൽ പങ്കാളികളാക്കൽ എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## കാർബൺ ന്യൂട്രൽ കേരളം

2764 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ എത്ര ശതമാനം വൃക്ഷാവരണം ഉണ്ടായിരിക്കണമെന്നാണ് ദേശീയ വന നയം അനുശാസിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വനവൽക്കരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വനേതര ഭൂമിയിൽ വനവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള വൃക്ഷ സമൃദ്ധി പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) നഗര വനം, വിദ്യാവനം എന്നിവ സൃഷ്ടിക്കുന്നതിനും തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## വയനാട് വന്യജീവി സങ്കേതം വിജ്ഞാപനം

2765 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംരക്ഷണ നിയമം വകുപ്പ് 26 A പ്രകാരം പൂർണ അർഥത്തിൽ വയനാട് വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കേരള ഫോറസ്റ്റ് ആക്ട് പ്രകാരം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച വയനാട് ജില്ലയിലെ 344 ചതുരശ്ര കിലോമീറ്റർ വരുന്ന വനമേഖല 1972-ലെ വന്യജീവി സംരക്ഷണനിയമപ്രകാരം വന്യജീവി സങ്കേതമായി പരിഗണിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## സ്വാഭാവിക വനം പുനഃസ്ഥാപിക്കൽ

2766 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ പുരോഗതി സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## തൃശ്ശൂർ ജില്ലയിലെ സംരക്ഷിത വനമേഖലയോട് ചേർന്നുള്ള പരിസ്ഥിതി ലോല മേഖല സംബന്ധിച്ച്

2767 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത വനമേഖലയോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോല മേഖലയാക്കി മാറ്റണമെന്ന സുപ്രീം കോടതി വിധി തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലെ ജനങ്ങളെ ബാധിക്കാനിടയുണ്ടെന്ന വിവരം അറിയിക്കാമോ ?

## മിയാവാക്കി വനങ്ങൾ

2768 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിയാവാക്കി വനങ്ങൾ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ മിയാവാക്കി വനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള മിയാവാക്കി വനങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

## ഇക്കോ സെൻസിറ്റീവ് സോണുകൾ

2769 **ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**

**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച് 2022- ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് എന്തെങ്കിലും നിവേദനങ്ങൾ നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിവേദനങ്ങൾക്ക് കേന്ദ്ര സർക്കാർ മറുപടി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രസ്തുത വിഷയത്തിൽ നിലവിലെ വയനാട് എം. പി. പ്രധാനമന്ത്രിക്ക് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## ഇക്കോ സെൻസിറ്റീവ് സോണുകൾ

2770 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച് 2022-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ നിവേദനങ്ങളുടെയും കത്തുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

## മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും പ്രത്യേക വന പുനഃസ്ഥാപനനയവും

2771 **ഡോ.കെ.ടി.ജലീൽ**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പ്രത്യേക വന പുനഃസ്ഥാപന നയം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത നയം വഴി എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്ത് കണ്ടുവരുന്ന അധിനിവേശ സസ്യങ്ങളെ ഒഴിവാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഹൈവേ വികസനം

2772 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈവേ വികസനത്തിന്റെ ഭാഗമായി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് ബദൽ സംവിധാനമായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ?

## ഇക്കോ സെൻസിറ്റീവ് മേഖല നിശ്ചയിച്ചുകൊണ്ടിറക്കിയ ഉത്തരവ്

2773 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ . സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത വനമേഖലകൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് മേഖലയായി നിശ്ചയിച്ച് 2019 ഒക്ടോബർ 31-ാം തീയതി വനംവകുപ്പ് ഉത്തരവിറക്കിയിരുന്നോ;

(ബി) പ്രസ്തുത സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് മേഖലയായി നിശ്ചയിച്ച് ബഫർസോൺ സംബന്ധിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ മാറ്റം വരുത്താൻ തത്വത്തിൽ അംഗീകാരം നൽകുന്ന ഉത്തരവ് വനം വകുപ്പ് ഇറക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് മൂലം ബാധിക്കപ്പെടുന്ന ജന സമൂഹവുമായി ഉത്തരവിറക്കുന്നതിന് മുൻപ് ചർച്ച ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന നയരേഖ</u>

2774 **ശ്രീ. എം. എം. മണി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസർവ്വെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ വനവിസ്തൃതി വർദ്ധിപ്പിക്കാൻ കഴിഞ്ഞ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെടുന്നുണ്ടോ; എങ്കിൽ ഇതിനടിസ്ഥാനമായ ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) വനാതിർത്തികൾ നിർണയിച്ച് ജണ്ടകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ആലത്തൂർ മണ്ഡലത്തിൽ സാമൂഹിക വനവൽക്കരണം</u>

2775 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

## <u>കാവ് സംരക്ഷണം</u>

2776 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവ് സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് വനം വകുപ്പ് നടത്തിവരുന്നത്;

(ബി) 2006 മുതൽ പാലക്കാട് ജില്ലയിൽ ഏതെല്ലാം കാവുകളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## <u>പരിസ്ഥിതിലോല പ്രദേശങ്ങൾ</u>

2777 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല പ്രദേശങ്ങളെ സംബന്ധിച്ച സുപ്രീം കോടതി വിധി കേരളത്തിലെ ഏതൊക്കെ പ്രദേശങ്ങളെ ബാധിക്കുമെന്ന് വിശദമാക്കാമോ?

## <u>ബഫർസോൺ മേഖലകൾ</u>

2778 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവ അതിരിടുന്ന ബഫർസോൺ മേഖലകൾ കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ജില്ലകളിലെ ഏതെല്ലാം പഞ്ചായത്തുകൾ ബഫർസോൺ പരിധിയിൽ വരുമെന്ന് വ്യക്തമാക്കുമോ?

## <u>പരിസ്ഥിതിലോല പ്രദേശങ്ങളുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി</u>

2779 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി കേരളത്തെ എങ്ങനെയാണ് ബാധിക്കുകയെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനമോ ചർച്ചകളോ ബോധവൽക്കരണ പരിപാടികളോ സംഘടിപ്പിച്ചിട്ടുണ്ടോ?

## <u>പുനലൂർ-ആലഞ്ചേരി-മടത്തറ-കൊല്ലയിൽ ഹിൽ ഹൈവെ നിർമ്മാണ പദ്ധതി</u>

2780 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-ആലഞ്ചേരി-മടത്തറ-കൊല്ലയിൽ ഹിൽ ഹൈവേ നിർമ്മാണ പദ്ധതിക്കായി എത്ര ഹെക്ടർ വനഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി മുറിച്ചു മാറ്റിയ മരങ്ങളുടെ എണ്ണം അറിയിക്കാമോ?

## <u>വനവിസ്തൃതി വർധിപ്പിക്കുന്നത് സംബന്ധിച്ച്</u>

2781 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനവിസ്തൃതി വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പിലാക്കിയതെന്ന് പറയാമോ?

## കൊല്ലം ജില്ലയിൽ വിദ്യാവനം പദ്ധതി

2782 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാവനം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾ

2783 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകൾക്കു കീഴിൽ വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള എത്ര റോഡുകളാണ് നിർമ്മിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം റെയ്ഞ്ചുകളിൽ എവിടെയെല്ലാമാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പേര്, നീളം, നിർമ്മാണ ചെലവ്, പൂർത്തീകരിച്ച തീയതി, ഓരോ റോഡുകളുടെയും ഗുണഭോക്താക്കളുടെ എണ്ണം എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനായി വനംവകുപ്പ് നൽകിയ സമ്മതപത്രത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ വനംവകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## കാവും കുളവും പദ്ധതി

2784 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവും കുളവും പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഫണ്ട് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ ഓരോ സ്ഥലത്തും അനുവദിച്ച തുകയും പേരു വിവരവും വ്യക്തമാക്കാമോ?

## വന അധിഷ്ഠിത ഉപജീവനം

2785 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ പി എസ് സുപാൽ**

**ശ്രീമതി സി. കെ. ആശ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ജനവിഭാഗത്തിന് മെച്ചപ്പെട്ട ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയിതര ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് അവയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) അപൂർവ്വ ഔഷധ സസ്യങ്ങളുടെ വംശനാശം തടയുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കേരളത്തിലെ വനമേഖലയിൽ കാണപ്പെടുന്ന എല്ലാത്തരം സസ്യങ്ങളുടെയും ജീൻബാങ്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈ നട്ടു വളർത്തുന്ന പദ്ധതി**</u>

2786 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നട്ടു വളർത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ചന്ദനമരം സ്വകാര്യ വ്യക്തികൾ നട്ടു വളർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>**ആദിവാസികളെ കുടിയിറക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി**</u>

2787 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെ വനത്തിൽനിന്ന് കുടിയിറക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി വയനാട്ടിൽ നടപ്പാക്കിയത് പരാജയപ്പെട്ടുവെന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ച ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വനംവകുപ്പിന്റെ കണക്ക് പ്രകാരം വനത്തിനുള്ളിലുള്ള ആദിവാസി ഊരുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ വിദ്യാവനം പദ്ധതി**</u>

2788 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് 'വിദ്യാവനം' പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് സ്കൂളുകളിൽ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

## ജെ. സി. ബി. യും ലോറികളും പിടിച്ചെടുത്ത സംഭവം

2789 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മണ്ഡലത്തിലെ മുള്ളരിങ്ങാട് - ചാത്തമറ്റം പൊതുമരാമത്ത് റോഡ് പണിക്കായി കൊണ്ടുവന്ന ജെ. സി. ബി. യും ലോറികളും വനം വകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ചോദ്യം ചെയ്ത ജനപ്രതിനിധികൾക്കെതിരെ വനം വകുപ്പ് ഉദ്യോഗസ്ഥർ വ്യാജ പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

## വനം കൈയ്യേറ്റം തടയുന്നതിന് നടപടി

2790 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനം കൈയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഹെക്ടർ വനം കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ടെന്നും ഇനി എത്ര ഹെക്ടർ ഒഴിപ്പിക്കാനുണ്ടെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## മുല്ലപ്പെരിയാർ മേഖലയിൽ റോഡ് നിർമ്മാണം

2791 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ മേഖലയിൽ വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെ റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് കേരളത്തിന് കത്ത് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കത്ത് എന്നാണ് അയച്ചതെന്നും ഈ റോഡിന്റെ നിർമ്മാണച്ചെലവ് തമിഴ്നാട് സർക്കാർ വഹിച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ടോയെന്നും ആരാണ് തമിഴ്നാട് സർക്കാറിന് വേണ്ടി കത്ത് അയച്ചതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത എന്താണെന്നാണ് കത്തിൽ പറഞ്ഞിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത റോഡിൽ അവസാനമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയത് എന്നാണ്; യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതാണോ റോഡ് തകരാൻ കാരണമെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത കത്തിന്മേൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത റോഡിന്റെ നിർമ്മാണം ഏത് ഓഫീസ് മുഖേനയാണ്

നിർവ്വഹിക്കേണ്ടതെന്നും ഇതിന് ആരുടെയൊക്കെ അനുമതി ആവശ്യമാണെന്നും വിശദമാക്കുമോ?

## വനം വകുപ്പിലെ ജോലികളുടെ നിർവ്വഹണം

2792 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ കൺവീനർ വ്യവസ്ഥയിൽ ചെയ്തിരുന്ന എല്ലാ ജോലികളും കരാർ വ്യവസ്ഥയിലേക്ക് മാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൺവീനർ വ്യവസ്ഥയിൽ നിന്നും കരാർ വ്യവസ്ഥയിലേക്ക് മാറിയത് ഗുണകരമാണോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ;

(സി) വനം വകുപ്പിലെ തടി/തടിയിതര ഉല്പന്നങ്ങളുടെ ലേലം ഓൺലൈനായിട്ടാണോ നടത്തുന്നത്; നേരിട്ടും ഓൺലൈനായും നടക്കുന്ന ലേലങ്ങളിലെ ലേലത്തുക താരതമ്യം ചെയ്തുനോക്കിയിട്ടുണ്ടോ; എങ്കിൽ ഏതാണ് ലാഭകരമെന്നത് വ്യക്തമാക്കുമോ;

(ഡി) ഓൺലൈനായി തടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുകയെന്ന് വിശദമാക്കുമോ?

## വയനാട് ജില്ലയിലെ വനം വകുപ്പ് ജീവനക്കാർ

2793 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വനം വകുപ്പിന് കീഴിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവരിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്നും എത്ര താൽക്കാലിക ജീവനക്കാർ ഉണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) ഇവരിൽ പത്ത് വർഷത്തിലധികമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ തസ്തികയും ജോലി ചെയ്യുന്ന ഓഫീസും ജോലി ചെയ്യുന്ന കാലയളവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തിക

2794 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(പി. സി. സി. എഫ്.) തസ്തിക സൃഷ്ടിക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; വിജിലൻസ് കേസിൽ എഫ്. ഐ. ആർ. ൽ ഉൾപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന് പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ കേസിന്റെ വിശദാംശം നൽകുമോ;

(ബി) വിജിലൻസ് കേസ് നിലനിൽക്കെ ഉദ്യോഗക്കയറ്റം നൽകി പുതിയ തസ്തികയിൽ

നിയമിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക ഒഴിവ്</u>**

2795 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നുവെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ വർഷം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ എത്ര ഒഴിവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കാമോ; കാറ്റഗറി തിരിച്ച് വിവരം ലഭ്യമാക്കാമോ?

**<u>വനംവകുപ്പിൽ ഉയർന്ന പോസ്റ്റുകളിൽ ജൂനിയർ ഐ.എഫ്.എസ് ഓഫീസർമാർക്കുള്ള ചുമതല</u>**

2796 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വനംവകുപ്പിൽ ഉയർന്ന പോസ്റ്റുകളിൽ ജൂനിയർ ഐ.എഫ്.എസ് ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ പേരും തസ്തികയും സഹിതം വ്യക്തമാക്കാമോ;

(ബി) വനംവകുപ്പിൽ ഇപ്പോൾ ജോലി ചെയ്യുന്ന എല്ലാ ഐ.എഫ്.എസ് ഉദ്യോഗസ്ഥരുടെയും പേരും, റാങ്കും, നിലവിൽ അവർ ജോലി ചെയ്യുന്ന തസ്തികയും റാങ്കും, ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്നും കേഡർ-നോൺ കേഡർ തിരിച്ച് വ്യക്തമാക്കാമോ ?

**<u>സർക്കാർ ഓഫീസ് വളപ്പുകളിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ</u>**

2797 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വികസന പ്രവർത്തനങ്ങൾക്കായി പാതയോരങ്ങളിലും, സർക്കാർ ഓഫീസ് വളപ്പുകളിലെയും മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വനം വകുപ്പ് നിർണ്ണയിക്കുന്ന തുക വളരെ അധികമാണെന്നും ഈ തുകയ്ക്ക് ആരും തന്നെ ലേലത്തിൽ പിടിക്കാൻ തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വികസന പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നതായും, പലതവണ ലേലം ചെയ്ത് കുറഞ്ഞ വില ഉറപ്പാക്കുന്നതിനാൽ ഖജനാവിൽ നഷ്ടമുണ്ടാകുന്ന സാഹചര്യം നിലവിലുണ്ടോ ?

**<u>പന്തപ്ര ആദിവാസികോളനിയിലെ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച്</u>**

2798 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പന്തപ്ര ആദിവാസികോളനിയിലെ കുടുംബങ്ങൾക്ക് 2 ഏക്കർ വനാവകാശരേഖ നല്കിയെങ്കിലും ഭവനനിർമ്മാണത്തിനുവേണ്ടി 15 സെന്റ് സ്ഥലത്തെ മരങ്ങൾ മാത്രമേ മുറിച്ച് നീക്കുവാൻ അനുവാദം കൊടുത്തിട്ടുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പ്രധാന ജീവിതമാർഗ്ഗം കൃഷിയാണെന്നിരിക്കെ, കൃഷിചെയ്ത് ഉപജീവനം നടത്തുന്നതിനായി ബാക്കി മരങ്ങൾ മുറിച്ച് നീക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആദിവാസി കോളനിയിലെ വീടിന് ഭീഷണിയായി നിൽക്കുന്ന നാശകം, വട്ട, അടക്കമുള്ള 919 പാഴ്മരങ്ങൾ വെട്ടിമാറ്റുന്നതിന് വേണ്ടി വനംവകുപ്പ് ലിസ്റ്റ് തയ്യാറാക്കിയിട്ടും നാളിതുവരെ പാഴ്മരങ്ങൾ വെട്ടിമാറ്റിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എന്തുകൊണ്ടാണ് പാഴ്മരങ്ങൾ വെട്ടിമാറ്റാത്തത് എന്ന കാര്യം വിശദമാക്കാമോ;

(ഇ) പ്രസ്തുത പാഴ്മരങ്ങൾ അടിയന്തരമായി മുറിച്ച് മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>വന്യജീവി സങ്കേത അതിർത്തി നിർണ്ണയം</u>

2799 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതാണോ ; എങ്കിൽ അതിർത്തി പുനർനിർണ്ണയിച്ച് ജനവാസ കേന്ദ്രങ്ങളെ ബഫർ സോൺ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനു വേണ്ട നപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കേരള ഫോറസ്റ്റ് ആക്ട് പ്രകാരം വന്യജീവി സങ്കേതത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ പ്രത്യേക സംരക്ഷിത മേഖലയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) വന്യജീവി സങ്കേതത്തിന്റെ ബഫർ സോണിൽ ഉൾപ്പെടുന്ന ജനവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനായി നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

## <u>നെയ്യാർ ബഫർസോൺ നിർണ്ണയം</u>

2800 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർ സോണായി കരുതുമെന്ന സുപ്രീംകോടതി വിധി പ്രദേശത്തെ ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പാറശാല മണ്ഡലത്തിലെ അമ്പൂരി, കളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ബഫർസോൺ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാവുമോ;

(സി) നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി നിയമ നിർമ്മാണം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## വന്യമൃഗങ്ങളുടെ ആക്രമണം

2801 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തെ തുടർന്ന് കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലയിൽ തൊഴിലാളികൾക്ക് പുറത്ത് ഇറങ്ങി നടക്കുന്നതിനോ ജോലി ചെയ്യുന്നതിനോ കഴിയുന്നില്ലായെന്നുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആന, കുരങ്ങ്, ചെന്നായ തുടങ്ങിയ മൃഗങ്ങൾ സ്ഥിരമായി കടന്നുവരുന്ന പ്രസ്തുത മേഖലയിൽ സോളാർ ഫെൻസിങ്/നെറ്റ് വേലി സ്ഥാപിച്ച് തൊഴിലാളികളെയും കുടുംബങ്ങളെയും സഹായിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ;

(സി) കൃഷിനാശം സംഭവിച്ച പ്രസ്തുത പ്രദേശത്തെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

## ബഫർസോണിൽ ഉള്ള നിയന്ത്രണങ്ങൾ

2802 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ രൂപീകരിക്കുന്ന ബഫർസോണിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബഫർസോണിൽ ഉൾപ്പെടുന്ന ജനസാന്ദ്രത കൂടിയ മേഖലകളെ ഒഴിവാക്കണമെന്ന കേരളത്തിന്റെ നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## വനം-വന്യജീവി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടത്തുന്ന പദ്ധതികൾ

2803 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടത്തുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) വന്യജീവികളുടെയും വിവിധ മത്സ്യ ഇനങ്ങളുടെയും ഉറവിട കേന്ദ്രമായ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിന് ആലപ്പുഴ മണ്ഡലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തണ്ണീർത്തടത്തിന്റെ ആരോഗ്യം വിലയിരുത്തുന്നതിനായി വെറ്റ്ലാൻഡ് ഹെൽത്ത് റിപ്പോർട്ട് കാർഡ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിനനുസരിച്ച് തണ്ണീർത്തടങ്ങളെ സംരക്ഷിക്കുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

## വാളയാർ വനമേഖലയിലെ സംരക്ഷണവേലി

2804 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ശല്യം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള വാളയാർ വനമേഖലയിലെ സംരക്ഷണവേലിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ആകെ എത്ര നീളത്തിലാണ് സംരക്ഷണവേലി നിർമ്മിക്കുന്നതെന്നും ഇതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

## വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിന്റെ ഭാഗമായുള്ള നഷ്ടപരിഹാരം സംബന്ധിച്ച്

2805 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് ചക്കിട്ടപ്പാറ പഞ്ചായത്തിലെ ചെമ്പനോട, മുതുകാട്, ചെങ്കോട്ടക്കൊല്ലി, പൂഴിത്തോട്, പേരാമ്പ്ര എസ്റ്റേറ്റ് ഭാഗങ്ങളിൽ എന്തൊക്കെ നടപടികളാണ് കൈകൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിന്റെ ഭാഗമായി നഷ്ടപരിഹാരത്തിന് അപേക്ഷിച്ചിട്ടും ഇതുവരെ ലഭിക്കാത്ത എത്ര കർഷകരുണ്ടെന്നും, അവർക്ക് എന്നത്തേക്ക് ആനുകൂല്യം ലഭിക്കുമെന്നും വിശദമാക്കാമോ?

## കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പ്രദേശങ്ങളിലെ വന്യമൃഗശല്യം

2806 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ അടുത്ത കാലത്ത് രൂക്ഷമായ വന്യമൃഗശല്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## വന്യജീവി ആക്രമണം മൂലം കൃഷിനാശം ഉണ്ടായവർക്ക് നഷ്ടപരിഹാരം

2807 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണം മൂലം കൃഷിനാശം ഉണ്ടായവർക്ക് നൽകാനുള്ള നഷ്ടപരിഹാര തുകയിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

## കാട്ടുപന്നി ശല്യം

2808 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യനും കൃഷിക്കും വലിയ വിപത്തായി മാറിക്കഴിഞ്ഞ കാട്ടുപന്നികൾ ക്രമാതീതമായി വർദ്ധിക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് തയ്യാറാകുമോ;

(ബി) കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ശാസ്ത്രീയമായ ഒരു പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാറിൽ സമ്മർദ്ദം ചെലുത്താമോ?

## മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിന് കിഫ്ബി പദ്ധതി

2809 **ഡോ. എം.കെ . മുനീർ**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിൽ ഉണ്ടാകുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിനായി കിഫ്ബിയുടെ സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന കർഷർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

## മുള്ളൻ പന്നികളെ നിയന്ത്രിക്കാൻ നടപടി

2810 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുള്ളൻ പന്നികൾ ഗ്രാമ പ്രദേശങ്ങളിൽ ഉൾപ്പെടെ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി നശിപ്പിക്കുന്ന മുള്ളൻ പന്നികളെ നിയന്ത്രിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

## കാട്ടുപന്നിയുടെ ആക്രമണം

2811 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിസ്ഥലങ്ങളിൽ കാട്ടുപന്നികൾ അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം കൂടി വരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) കാട്ടുപന്നികളെ വെർമിൻ വിഭാഗത്തിൽപ്പെടുത്തണം എന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വന്യമൃഗങ്ങളുടെ ശല്യം നിയന്ത്രിക്കുന്നതിന് കർമ്മസേന രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) കൃഷിനാശം വരുത്തുന്ന കാട്ട് പന്നികളെ വെടിവച്ചുകൊല്ലുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന്

വിശദമാക്കാമോ; കൃഷി നാശം സംഭവിച്ചവർക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ തയ്യാറാകുമോ?

**<u>കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കൽ</u>**

2812 **ഡോ. എം.കെ . മുനീർ**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് അറിയിച്ചിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ലൈസൻസ് ഉള്ളവർക്ക് വനം വകുപ്പിന്റെ അനുമതിയോടെ കാട്ടുപന്നിയെ വെടിവെച്ച് കൊല്ലാൻ അനുമതി നൽകിയിട്ടുണ്ടോ?

**<u>വന്യമൃഗ ഭീഷണി</u>**

2813 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനയുൾപ്പെടെയുള്ള വന്യമൃഗങ്ങൾ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകളിൽ ഇറങ്ങി വിനോദ സഞ്ചാരികൾക്കും പ്രദേശവാസികൾക്കും ഭീഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം പ്രദേശങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്നറിയിക്കാമോ;

(സി) 2021 -ൽ വന്യമൃഗങ്ങൾ എത്ര യാത്രികരെ ആക്രമിച്ച് പരിക്കേൽപ്പിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

**<u>കാട്ടുപന്നിയുടെ മാംസം ലേലം ചെയ്യൽ</u>**

2814 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെടി വച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ലേലം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആവശ്യം പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>പൊൻമുടി യു. പി. സ്കൂളിനു സമീപം പുലിയുടെ കാൽപാദം കണ്ടെന്ന വാർത്ത</u>**

2815 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പെരിങ്ങമല ഗ്രാമപഞ്ചായത്തിൽപ്പെട്ട പൊൻമുടി യു. പി. സ്കൂളിനു സമീപം പുലിയുടെ കാൽപാദം കണ്ടെന്ന വാർത്തയും ചിത്രങ്ങളും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വാസസ്ഥലങ്ങൾ, സ്കൂൾ പരിസരങ്ങൾ എന്നിവിടങ്ങളിൽ നിന്നും വന്യമൃഗങ്ങളെ തുരത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദമാക്കാമോ?

**<u>ഇരിക്കൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം</u>**

2816 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് വ്യാപകമായ സാഹചര്യത്തിൽ കർഷകർക്ക് ഓരോ കൃഷി ഇനത്തിലും ലഭിക്കുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) ഇരിക്കൂറിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>വന്യജീവികളുടെ ആക്രമണം മൂലം മരണമടയുന്നവർക്കും പരിക്കേൽക്കുന്നവർക്കുമുള്ള ധനസഹായം</u>**

2817 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം മൂലം മരണമടയുന്നവർക്കും പരിക്കേൽക്കുന്നവർക്കും വനംവകുപ്പ് നൽകി വരുന്ന ധനസഹായം എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്ന് തുക സഹിതം അറിയിക്കാമോ?

**<u>മഞ്ചേരി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ</u>**

2818 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മഞ്ചേരി മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലായി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

**<u>തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>**

2819 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ മുഴുവൻ പ്രവൃത്തികളുടെയും

നിലവിലുള്ള അവസ്ഥ എന്താണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിലെ മൈനർ,മേജർ ഇറിഗേഷൻ പദ്ധതികൾ**

2820 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ മൈനർ,മേജർ ഇറിഗേഷൻ വിഭാഗങ്ങളുടെ എന്തെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതിയുള്ളതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ; പ്രസ്തുത ഭരണാനുമതികളുടെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

**വയനാട് ജില്ലയിൽ ജലസേചന പദ്ധതികളിലൂടെ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ്**

2821 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വിവിധ ജലസേചന പദ്ധതികളിലൂടെ കബനി നദിയിലേയും കൈവഴികളിലേയും എത്ര ടി.എം.സി. ജലം ഉപയോഗിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മാനന്തവാടി മണ്ഡലത്തിൽ ഇത്തരം പദ്ധതികളിലൂടെ എത്ര ടി.എം.സി. ജലം ഉപയോഗിക്കാൻ കഴിയുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(സി) വയനാട് ജില്ലയിൽ കബനി നദിയിലെ വെള്ളം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന താലൂക്ക് ഏതാണെന്ന് വ്യക്തമാക്കാമോ?

**കൊണ്ടോട്ടി മണ്ഡലത്തിലെ വൻകിട,ചെറുകിട ജലസേചന പ്രവൃത്തികൾ .**

2822 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങൾ 2021-22 സാമ്പത്തിക വർഷം ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയെന്ന വിശദാംശം ലഭ്യമാകുമോ;

(ബി) 2022-23 സാമ്പത്തിക വർഷം ഏതെല്ലാം പ്രൊപ്പോസലുകൾ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ടെന്നും അതിന്റെ അനുമതി ഏത് ഘട്ടത്തിലാണെന്നും വിശദമാകുമോ?

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മൈനർ/മേജർ ഇറിഗേഷൻ പദ്ധതികൾ**

2823 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2006-2011, 2011-2016, 2016-2021 എന്നീ കാലയളവുകളിൽ മൈനർ/മേജർ ഇറിഗേഷൻ വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികളും നിലവിൽ നടപ്പാക്കുന്ന പദ്ധതികളും ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) മേൽ കാലയളവിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

## <u>തിരൂരങ്ങാടി മണ്ഡലത്തിലെ മൂഴിക്കൽ തടയണ നിർമ്മാണം</u>

2824 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ മൂഴിക്കൽ തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിലെ ഉള്ളടക്കവും എസ്റ്റിമേറ്റ് തുകയുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ;

(സി) മേൽ പ്രവൃത്തിയുടെ പ്രൊപ്പോസൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളതെന്നും ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്നും വിശദമാക്കാമോ?

## <u>വരട്ടാർ, ആദിപമ്പ നദികളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ നൽകിയ കരാർ</u>

2825 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരട്ടാർ, ആദിപമ്പ നദികളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളും മൺതിട്ടകളും നീക്കം ചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നദികളിലെ ചെളി നീക്കം ചെയ്യാൻ നൽകിയ കരാർ ഉപയോഗപ്പെടുത്തി വ്യാപകമായ മണൽകടത്ത് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആരോപണത്തിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പുഴകളിൽ അടിഞ്ഞുകൂടിയ മണ്ണും മണലും നീക്കം ചെയ്യാൻ പദ്ധതി</u>

2826 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ പുഴകളിൽ അടിഞ്ഞുകൂടിയ മണ്ണും മണലും നീക്കം ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ പുഴകളിൽ നിന്നും മണ്ണും മണലും നീക്കം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി

നാളിതുവരെ അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ചത് എത്രയാണെന്നും അറിയിക്കാമോ?

## വരട്ടാർ, ആദിപമ്പ നദികളിലെ ചെളി നീക്കം ചെയ്യുന്നതിന് കരാർ

2827 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരട്ടാർ, ആദിപമ്പ നദികളിലെ ചെളി നീക്കം ചെയ്യുന്നതിന് കരാർ നൽകിയിട്ടുണ്ടോ; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കരാർ അവസാനിച്ച ശേഷം പുതിക്കിനൽകിയിട്ടുണ്ടോ; എങ്കിൽ പുതുക്കിയ കരാറിന്റെ പകർപ്പ് /രേഖകൾ നൽകാമോ?

## സംസ്ഥാന നദികളിലെ മാലിന്യങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കാനുമുള്ള നടപടികൾ

2828 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികൾ ഏതെല്ലാമെന്നും ഇവയുമായി ബന്ധപ്പെട്ട ഡാമുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നദികളിൽ മണലും ചെളിയും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് നദികളുടെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടുന്നതും പ്രകൃതിക്ഷോഭങ്ങളോ മഴക്കെടുതികളോ ഉണ്ടാകുമ്പോൾ നദികൾ ഗതിമാറി ഒഴുകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നദികളിലെ മാലിന്യങ്ങൾ നീക്കാനും സ്വാഭാവികമായിട്ടുള്ള നീരൊഴുക്ക് സുഗമമാക്കാനുമായി എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## തീരസംരക്ഷണ പ്രവർത്തിക്ക് നീക്കി വെച്ച തുക

2829 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ സംസ്ഥാനത്ത് കടൽഭിത്തി, പുഴകളുടെ കരസംരക്ഷണം എന്നിവക്ക് നീക്കി വെച്ച തുക സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിലെ സർക്കാർ വന്നതിനു ശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ അനുവദിച്ച മേൽ പ്രവൃത്തികളുടെ പേരും അനുവദിച്ച തുകകളും വിശദമാക്കാമോ?

## ഹരിത കേരളം മിഷനിലൂടെ നദികളുടെ പുനരുജ്ജീവനം

2830 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഹരിതകേരളം മിഷനിലൂടെ എത്ര നദികളുടെയും ജലാശയങ്ങളുടെയും പുനരുജ്ജീവനത്തിന് സാധിച്ചെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം ജില്ല/താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ?

## ചാലിയാർ നദിയെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് നടപടി

2831 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒട്ടേറെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ ചാലിയാർ നദിയെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നദിയിലേക്ക് മാലിന്യങ്ങൾ ഒഴുക്കുന്നത് തടയാൻ നദി ഒഴുകുന്ന പ്രദേശങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി സമഗ്രമായ ഒരു സംരക്ഷണ പരിപാടിക്ക് രൂപം നൽകുമോ;

(സി) നദിയുടെ ഇരു പാർശ്വവും ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ നദി ഒഴുകുന്ന മലപ്പുറം ജില്ലയിലെ വാഴയൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്തുകളിൽ എന്തെല്ലാം തീര സംരക്ഷണ പദ്ധതികൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ?

## കനാൽ കവറിംഗ് സ്ലാബ്, സൈഡ് റോഡ് എന്നിവയുടെ നിർമ്മാണം

2832 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ മൂഴിയത്ത് വരിക്കോലിൽ വടക്കതിൽ കനാൽ കവറിംഗ് സ്ലാബ് നിർമ്മാണത്തിനും സൈഡ് റോഡ് നിർമ്മാണത്തിനും ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിരാക്ഷേപ പത്രം നല്കുന്നതിന് പമ്പ ഇറിഗേഷൻ പ്രോജക്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പൊതുകുളങ്ങൾ നവീകരിക്കാൻ പദ്ധതി

2833 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകുളങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കോഴിക്കോട് ജില്ലയിൽ 2021-22, 2022-23 വർഷങ്ങളിൽ കുളം നവീകരണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പുനരുദ്ധാരണം

2834 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ കനാലുകൾ പുനരുദ്ധാരണം നടത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; കനാലുകളുടെ ഏതൊക്കെ ഭാഗങ്ങളിലാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) യഥാസമയം കനാൽ പുനഃരുദ്ധാരണം നടത്താൻ സാധിക്കാത്തതിനെ തുടർന്ന് ഇക്കഴിഞ്ഞ വേനൽ കാലത്ത് കുടിവെള്ളക്ഷാമവും കൃഷിനാശവും ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## <u>മങ്കേരി തോട് നവീകരണം</u>

2835 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി പാടശേഖരത്തിലേക്ക് ഭരതപ്പുഴയിൽ നിന്നും ജലം എത്തിച്ച് കൊണ്ടിരുന്ന തോട് നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലത്തിന്റെ ദൗർലഭ്യം മൂലം കർഷകർ ഏറെ ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്രസ്തുത തോട് നവീകരിച്ച് ജലസേചനം സാധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) തോട്ടിൽ നിന്നും മണ്ണും ചെളിയും നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ കനാൽ സംരക്ഷണം</u>

2836 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ പഞ്ചവടി ജംഗ്ഷൻ നല്ലൂർ കനാൽ സംരക്ഷണഭിത്തി നിർമ്മിച്ച് മുകളിൽ സ്ലാബിട്ട് സംരക്ഷിക്കുന്നതിന് മൈനർ ഇറിഗേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>ഡാമുകളിലെ ചെളിയും മണലും നീക്കാൻ നടപടി</u>

2837 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഏതൊക്കെ ഡാമുകളിൽ നിന്നും ചെളിയും മണലും നീക്കാൻ നടപടി സ്വീകരിച്ചുയെന്ന് വിശദമാക്കാമോ?

## <u>നെയ്യാർഡാമിൽ അടിഞ്ഞുകൂടിയ മണലും എക്കലും നീക്കം ചെയ്യാൻ നടപടി</u>

2838 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാമിൽ സംഭരണ ശേഷിയെ ബാധിക്കുന്ന തരത്തിൽ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നെയ്യാർഡാമിൽ നടന്നുവരുന്നതും അനുമതി ലഭിച്ചതുമായ വിവിധ പദ്ധതികളുടെ വിശദവിവരം അടങ്കൽതുക, നിർമ്മാണ പുരോഗതി, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെ അറിയിക്കാമോ?

**<u>അണക്കെട്ടുകളുടെ സുരക്ഷാ പരിശോധന</u>**

2839 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച് കേരള ഡാം സുരക്ഷാ അതോറിറ്റി പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(ബി) പരിശോധന നടത്തിയ ഏതെങ്കിലും അണക്കെട്ടുകളിൽ പുനരുദ്ധാരണ നടപടികൾ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) അണക്കെട്ടുകളുടെ സുരക്ഷയ്ക്കും പുനഃരുദ്ധാരണത്തിനും ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെൻറ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇതിന് ലോക ബാങ്കിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ പൂർത്തീകരണം</u>**

2840 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാണാസുര സാഗർ ജലസേചന പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഇനി പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദ വിവരം അറിയിക്കുമോ;

(ഇ) പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(എഫ്) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ മീനച്ചിലാറിൽ ചെക്ക് ഡാം കം കോസ് വേ</u>**

2841 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കാരയ്ക്കാട്-ചങ്ങാടക്കടവ് ഭാഗത്ത് മീനച്ചിലാറിൽ ഒരു ചെക്ക് ഡാം കം കോസ് വേ നിർമ്മിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തികൾക്ക്

അനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയെയും തലപ്പലം പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസ്തുത ചെക്ക് ഡാം കം കോസ് വേ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>വല്ലാർപാടം ദ്വീപിലെ വെള്ളക്കെട്ടിനുള്ള പദ്ധതി</u>**

2842 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ തുക വകയിരുത്തിയതും 13-2-2012-ൽ തദ്ദേശസ്വയംഭരണ വകുപ്പ് 17.14 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതും മേജർ ഇറിഗേഷൻ വകുപ്പ് നിർവ്വഹണ ഏജൻസിയുമായ മുളവുകാട് ഗ്രാമ പഞ്ചായത്തിലെ വല്ലാർപാടം ദ്വീപിന് ചുറ്റും പാർശ്വഭിത്തിയും ബണ്ട് റോഡും നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക എത്രയെന്നും പ്രസ്തുത പദ്ധതിയുടെ തുകയ്ക്ക് അനുമതി ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

**<u>വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ തടയണ നിർമ്മാണം</u>**

2843 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തി അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ള മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ തടയണ നിർമ്മിക്കുന്ന പ്രവൃത്തി ഇതുവരെ തുടങ്ങാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

**<u>കുറുമാലി പുഴയുടെ വലതുതീരത്തെ പുരയിടം ഇടിഞ്ഞു പോകുന്നതിൽ നിന്നും സംരക്ഷിക്കാൻ നടപടി</u>**

2844 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി പഞ്ചായത്ത് വാർഡ് 6-ൽ കുറുമാലി പുഴയുടെ വലതുതീരം സർവ്വേ നമ്പർ ബി.എൽ.32/2 (1130/2)-ൽ 042 സെന്റ് പുരയിടം വ്യാപകമായി ഇടിഞ്ഞു പോകുന്നതിനാൽ വശങ്ങൾ കെട്ടി സംരക്ഷിക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും

നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**കടലുണ്ടിപുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമാണം**

2845 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടി പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നിന്ന് 2020, 2021 വർഷങ്ങളിൽ സമർപ്പിച്ച 20 പ്രപ്പോസലുകളിൽ നാളിതുവരെ എത്രയെണ്ണത്തിന് ഭരണാനുമതി നൽകി; വ്യക്തമാക്കുമോ;

(ബി) അവ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ; ഓരോന്നിന്റെയും പ്രവർത്തനപുരോഗതി വിശദീകരിക്കാമോ;

(സി) പാണക്കാട് ആറുവെട്ടി കടവ്, മലപ്പുറം താമരക്കുഴി, ആനക്കയം പുത്തൻതോട്, പൂക്കോട്ടൂർ പാലക്കച്ചിറ എന്നിവിടങ്ങളിലെ അപകടാവസ്ഥയിലുള്ള കരകളിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാനുള്ള പ്രൊപ്പോസലുകൾക്ക് എത്രയും വേഗം ഭരണാനുമതി നൽകുമോ; വ്യക്തമാക്കുമോ?

**മൂരാട് പുഴയിലെ ബണ്ട് നിർമ്മാണം**

2846 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയുടെ പ്രവൃത്തിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ മൂരാട് പുഴയിൽ ബണ്ട് നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ ബണ്ട് നിർമ്മാണം കാരണം മഴക്കാലത്ത് പുഴയിലൂടെയുള്ള ഒഴുക്ക് കുറയുകയും സമീപ പഞ്ചായത്തുകളിൽ വെള്ളപ്പൊക്കം ഉണ്ടാകുകയും ചെയ്യും എന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**തവനൂർ മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം**

2847 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പടിഞ്ഞാറെക്കര അഴിമുഖം മുതൽ കൂട്ടായി ആശാൻ പടി വരെ നിർമ്മിച്ചിട്ടുള്ള കടൽഭിത്തി ഇക്കഴിഞ്ഞ കടൽ ആക്രമണത്തിൽ പലഭാഗങ്ങളിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**വാടാനപള്ളി തീരം കടൽക്ഷോഭത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള നടപടി**

2848 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപള്ളി തീരപ്രദേശത്തെ കടൽക്ഷോഭത്തിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് എത്ര മീറ്റർ സംരക്ഷണ ഭിത്തിയാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

**ആലപ്പുഴ മണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടാനുള്ള പ്രവൃത്തികൾ**

2849 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടുന്നതിന് വകുപ്പ് നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് ഇനി തയ്യാറാക്കാനുള്ളതെന്നും അവയുടെ ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

**തവനൂർ മൂന്നങ്ങാടിൽ കടൽഭിത്തി നിർമ്മാണം**

2850 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തീരദേശത്ത് മൂന്നങ്ങാടി മുതൽ 500 മീറ്ററോളം കടൽതീരത്ത് നാളിതുവരെയായി കടൽഭിത്തി നിർമ്മിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഭാഗത്ത് ഭിത്തിനിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

**പൊഴിക്കര ബീച്ച് നവീകരണം**

2851 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ നിർവ്വഹണ ചുമതലയിൽ നടന്നു വരുന്ന പരവൂർ നഗരസഭയിലെ പൊഴിക്കര ബീച്ച് നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**ജലസ്രോതസ്സുകൾ പൂർണ്ണമായി മാലിന്യ മുക്തമാക്കുന്നതിന് ചെലവായ തുക**

2852 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എത്ര ജലസ്രോതസ്സുകൾ പൂർണ്ണമായി മാലിന്യ മുക്തമാക്കി; ഇതിന് എത്ര തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

**നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

2853 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2021-22 വർഷത്തിൽ ഇറിഗേഷൻ വിഭാഗം ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

## ജലസ്രോതസ്സുകൾ പൂർണ്ണമായി മാലിന്യ മുക്തമാക്കുന്നതിന് ചെലവായ തുക

2854 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ എത്ര ജലസ്രോതസ്സുകൾ പൂർണ്ണമായി മാലിന്യ മുക്തമാക്കി; അതിന് എത്ര തുക വീതം ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ മുട്ടിൽകാപ്പിൽ റഗുലേറ്റർ കം ബ്രിഡ്ജ്

2855 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽകാപ്പിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഐ.ഡി.ആർ.ബി. സ്ട്രക്ചർ ഡിസൈൻ തയ്യാറാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## കളത്തിൻകടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

2856 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന ഏജൻസി നിലമ്പൂർ മണ്ഡലത്തിലെ ഏതെങ്കിലും ജലവിഭവ വകുപ്പ് പദ്ധതികളുടെ എസ്.പി.വി. ആയി പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചാലിയാർ പുഴയ്ക്ക് കുറുകെ കളത്തിൻകടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന പ്രവൃത്തി പ്രസ്തുത ഏജൻസിയുടെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഡി.പി.ആർ., ഡിസൈൻ എന്നിവ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്നും ഈ തുക അനുവദിക്കാൻ കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകളോ നടപടിക്രമങ്ങളോ ആശയവിനിമയങ്ങളോ ഉണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ഏതെങ്കിലും കാരണത്താൽ പരിഗണിക്കേണ്ടതില്ല എന്ന് കിഫ്ബി തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പദ്ധതിയുടെ ഫയൽ കിഫ്ബി മടക്കി നൽകിയിട്ടുണ്ടോയെന്നും ന്യൂനതകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കാൻ

നിർദ്ദേശിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഫയൽ നിലവിൽ ഏതു കാര്യാലയത്തിലാണെന്നും ഫയൽ നമ്പരും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകളടക്കമുള്ള വിശദാംശവും ലഭ്യമാക്കാമോ?

## ബാവിക്കര പാലം

2857 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാവിക്കര തടയണക്ക് സമീപം പാലം നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

## കോരപ്പുഴ അഴിമുഖത്ത് അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി

2858 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ അഴിമുഖത്ത് ഡ്രഡ്ജിംഗ് നടത്തി അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ തൽസ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രവൃത്തി അടിയന്തരമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## പരപ്പാൽ തീരസംരക്ഷണം

2859 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തി ഡിസൈൻ ചെയ്യുന്നതിന് ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ് നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കാലവർഷവും പ്രകൃതി ക്ഷോഭവും കാരണം വലയുന്ന പ്രദേശവാസികൾക്ക് ആയതിന് ശാശ്വത പരിഹാരം കാണുന്ന തിനു മേൽവിഷയവുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാരിൽ ഉള്ള ഐ.ആർ.2/175/20 എന്ന ഫയൽ അടിയന്തിരമായി പരിശോധിക്കുമോ; വ്യക്തമാക്കാമോ?

## പരപ്പാൽ തീരസംരക്ഷണ പ്രവർത്തിയുടെ ഡിസൈന് വേണ്ടി ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ്

2860 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവർത്തിയുടെ ഡിസൈന് വേണ്ടിയുള്ള ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ് പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) 2020 ൽ ഭരണാനുമതി ലഭിച്ച മേൽ പ്രവൃത്തിക്ക് തുക അനുവദിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മേൽ പ്രവൃത്തി നടപ്പിലാക്കുവാൻ ആവശ്യമായ ഫണ്ട് അടിയന്തിരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>മോര്യാകാപ്പ് ജലസേചന പദ്ധതി</u>

2861 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യാകാപ്പ് ജലസേചന പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി അവശേഷിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ തുക വകയിരുത്തിയിരുന്നു; എത്ര തുക വീതം; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് മുൻപ് ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയെങ്കിലും ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണങ്ങൾ അറിയിക്കുമോ; അന്ന് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിന്നോ; ഉണ്ടെങ്കിൽ ആയത് സർക്കാരിൽ സമർപ്പിച്ചിരുന്നോ; വിശദമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ ആരെങ്കിലും പരാതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ പരാതിയുടെ ഉള്ളടക്കവും പരാതിക്കാരന്റെ വിവരങ്ങളും വിശദീകരിക്കാമോ?

## <u>ചെറുതാഴത്തെ വി.സി.ബി. കം ട്രാക്ടർവേ</u>

2862 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പെരിയാട്ടുതറ തോടിനു കുറുകെ കണ്ടത്ത് എന്ന സ്ഥലത്ത് വി.സി.ബി. കം ട്രാക്ടർവേ നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട്</u>

2863 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) വെള്ളക്കെട്ട് പരിഹരിക്കുന്നതിന് പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ?

**<u>വൈപ്പിൻ മണ്ഡലത്തിൽ ഡിസാലിനേഷൻ പ്രോജക്ട്</u>**

2864 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മുനമ്പത്ത് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ ഡിസാലിനേഷൻ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

**<u>പേരാമ്പ്ര മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷന്റെ കൈവശമുള്ള ഭൂമി</u>**

2865 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴിയിലുള്ള കുറ്റ്യാടി ഇറിഗേഷന്റെ കൈവശമുള്ള ഭൂമി കേന്ദ്ര റിസർവ്വ് പോലീസ് ക്യാമ്പിന് വേണ്ടി വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് വിട്ടുകൊടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) എത്ര കാലത്തേയ്ക്കാണെന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭൂമി വിട്ടുകൊടുത്തതെന്നും വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏത് കരാറിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭൂമി വിട്ടു നൽകിയത്; കരാറിന്റെ വ്യവസ്ഥകൾ വിശദമാക്കാമോ; കരാറിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

**<u>സ്റ്റേഡിയം നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകൽ</u>**

2866 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നഗരസഭയിലെ കീച്ചേരി പ്രദേശത്തെ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ സ്ഥലം വിട്ട് നൽകുന്നത് സംബന്ധിച്ച് വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം വിട്ട് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>കാസർഗോഡ് ജില്ലയിലെ കുഴൽകിണർ നിർമ്മാണം</u>**

2867 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വാട്ടർ റീ ചാർജ്ജ് വ്യവസ്ഥയോടെ കർഷകർക്ക് കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിലവിൽ അനുമതി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ കാർഷിക ജലസേചനത്തിന് മറ്റ് വഴികളില്ലാതെ കഷ്ടപ്പെടുന്ന കർഷകർക്ക് വാട്ടർ റീ ചാർജ്ജ് വ്യവസ്ഥയോടെ കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്കായി ജില്ലയിൽ എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്; വിശദാംശം നൽകുമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ കുളങ്ങളും കിണറുകളും റീചാർജിംഗ്

2868 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റികളിലെയും വാണിയംകുളം, തൃക്കടീരി, വെള്ളിനേഴി, നെല്ലായ, അനങ്ങനടി, ചളവറ ഗ്രാമപഞ്ചായത്തുകളിലെയും പൊതുകുളങ്ങളും കിണറുകളും റീചാർജ് ചെയ്യുന്നതിന് 2021 നവംബറിൽ ഗ്രൗണ്ട് വാട്ടർ വകുപ്പിന് സ്ഥലം എം.എൽ. എ. നൽകിയ കത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കുഴൽ കിണർ നിർമ്മാണത്തിലെ കാലതാമസം

2869 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനായി ഭൂജല വകുപ്പ് മുഖാന്തരം കുഴൽ കിണർ നിർമ്മിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുഴൽ കിണർ നിർമ്മാണത്തിനായി അനുവദിക്കുന്ന സബ്സിഡി എത്രയാണെന്നും സബ്സിഡി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

## വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

2870 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ആഗസ്റ്റ് 15-ഓടെ വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ഡിജിറ്റലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഉപഭോക്താവ് ആവശ്യപ്പെടുന്ന പക്ഷം മീറ്റർ റീഡിംഗ് നടത്തിയാലുടൻ ബിൽ നൽകുന്നതിന് മീറ്റർ റീഡർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) മീറ്റർ റീഡിംഗ് എസ്.എം.എസ്. മുഖേന ഉപഭോക്താക്കളെ അറിയിക്കുന്ന സംവിധാനത്തിനൊപ്പം സ്പോട്ട് ബിൽ കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഉപഭോക്താക്കൾ പലരും യഥാർത്ഥ ഉടമകൾ അല്ല എന്ന സങ്കീർണമായ പ്രശ്നം പരിഹരിക്കാൻ സ്പോട്ട് ബില്ലിംഗ് സിസ്റ്റം തിരുവനന്തപുരം നോർത്ത്, സൗത്ത് ഡിവിഷനുകളിൽ വീണ്ടും നടപ്പാക്കുമോ;

(ഇ) മീറ്റർ റീഡിംഗ് യഥാസമയം നടക്കാത്തതുമൂലം ഉപഭോക്താക്കൾ വൻ തുക അടയ്ക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>വാട്ടർ അതോറിറ്റി ഓഫീസുകളുടെ അധികാര പരിധി പുനഃസംഘടന</u>**

2871 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ഓഫീസുകളുടെ ജ്യൂറിസ്ഡിക്ഷൻ പുനഃസംഘടിപ്പിക്കുന്നത് പരിഗണിക്കാമോ;

(ബി) ആയത് നിയോജക മണ്ഡല അടിസ്ഥാനത്തിലോ റവന്യൂ ഡിസ്ട്രിക്ട്, താലൂക്ക് അടിസ്ഥാനത്തിലോ പഞ്ചായത്ത് അടിസ്ഥാനത്തിലോ പുനഃസംഘടിപ്പിക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ച് പഠനം നടത്താമോ;

(സി) ജലജീവൻ മിഷനിൽ ഉൾപ്പെട്ട് ഭൂരിഭാഗം വീടുകളിലും ജല അതോറിറ്റി മുഖേന വെള്ളമെത്തുന്ന സാഹചര്യത്തിൽ പുനഃസംഘടന അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

**<u>പൊൻകുന്നം സബ്ഡിവിഷന് പുതിയ കെട്ടിടം</u>**

2872 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ പൊൻകുന്നത്തെ സബ്ഡിവിഷൻ കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ എന്ന് വ്യക്തമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**<u>റോഡ് വെട്ടിപ്പൊളിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

2873 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡുകൾ വെട്ടിപ്പൊളിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പുതുതായി ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ പൊളിക്കുന്നത് നിർത്തലാക്കി പകരം റോഡിന് അടിയിലൂടെ ഹോൾ ഉണ്ടാക്കി പൈപ്പുകൾ സ്ഥാപിക്കാൻ സാധിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>മങ്കട മണ്ഡലത്തിലെ ജലജീവൻ പദ്ധതി</u>**

2874 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിലൂടെ എത്ര വീടുകളിൽ കുടിവെള്ളം ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

## നെന്മാറ മണ്ഡലത്തിലെ ജലജീവൻ പദ്ധതി

2875 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

2876 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കാമോ?

## തവനൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി

2877 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തവനൂർ, കാലടി, എടപ്പാൾ, വട്ടംകുളം പഞ്ചായത്തുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജലജീവൻ പദ്ധതിയുടെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയായതെന്നും ഇനി പൂർത്തിയാകാനുള്ളതെന്നും വിശദമാക്കാമോ?

## തലശ്ശേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

2878 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചവ ഏതൊക്കെയാണെന്നും ആയതിന്

അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്തവ ഏതൊക്കെയാണെന്നും ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളും വ്യക്തമാക്കാമോ?

**തിരുവമ്പാടി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

2879 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**ബാലുശ്ശേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ**

2880 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യം വെക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പുതിയ കണക്ഷൻ നൽകിയിട്ടുണ്ട്;

(സി) ഒൻപത് ഗ്രാമപഞ്ചായത്തുകളിലെയും ജലജീവൻ മിഷൻ പ്രവൃത്തികൾ എത്ര ഘട്ടമായാണ് പൂർത്തീകരിക്കാൻ സാധിക്കുക; വിശദാംശം ലഭ്യമാക്കാമോ?

**ജലവിഭവ സംരക്ഷണ പദ്ധതികൾ**

2881 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ സംരക്ഷണത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഇതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ജലസംഭരണികളുടെയും ജലസേചന കനാലുകളുടെയും അറ്റകുറ്റപ്പണികൾ നടത്തി ചോർച്ച തടഞ്ഞ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

2882 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ജലജീവൻ പദ്ധതി

2883 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പഞ്ചായത്ത് തലത്തിൽ ലക്ഷ്യമിട്ടതും അനുവദിച്ചതുമായ കണക്ഷനുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് കോട്ടയം കളക്ടേറ്റിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ഏതെല്ലാം നടപ്പാക്കിയെന്ന് അറിയിക്കാമോ;

(സി) പൊതുമരാമത്ത് പാലങ്ങളുടെ മുകളിലൂടെ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസങ്ങൾ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അറിയിപ്പ് ലഭിച്ചത്; പ്രസ്തുത തടസ്സങ്ങൾക്ക് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ കൊടുത്ത കണക്ഷനുകളിൽ അടിയന്തരമായി വെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പാല മണ്ഡലത്തിലെ രാമപുരം കുടിവെള്ള പദ്ധതി

2884 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല മണ്ഡലത്തിലെ രാമപുരം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ മിഷൻ

2885 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തിയുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിച്ചത് മൂലം ഗ്രാമീണറോഡുകളിൽ ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## അണക്കെട്ടുകളുടെ സംഭരണശേഷി ഉയർത്തൽ

2886 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് മണലും ചെളിയും നീക്കം

ചെയ്യാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വേനൽകാലത്ത് ജലക്ഷാമം നേരിടുന്നതിനും ഒരുപരിധിവരെ പ്രളയം നിയന്ത്രിക്കുന്നതിനും ഗുണകരമായി തീരുന്ന ഈ പദ്ധതി വിഭാവനം ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രളയകാല ദുരനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## പുഴകളുടെ സംരക്ഷണം

2887 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനീകരിക്കപ്പെട്ട നദികൾ, പുഴകൾ, തോടുകൾ, മറ്റ് ജലാശയങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും മാലിന്യ മുക്തമാക്കുന്നതിനും വെള്ളപ്പൊക്ക കെടുതികളിൽ നിന്ന് സംരക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(ബി) ഇതിനായി റൂം ഫോർ റിവർ, തെളിനീര് ഒഴുകും കേരളം തുടങ്ങിയ പദ്ധതികൾ നവകേരള കർമ്മ പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളുടെ കീഴിൽ ഏതെല്ലാം നദികൾ, പുഴകൾ, തോടുകൾ, ജലാശയങ്ങൾ എന്നിവ ഉൾപ്പെടുന്നുണ്ടെന്ന വിശദാംശം നൽകുമോ; പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ ഏതെല്ലാം നദികൾ, ജലാശയങ്ങൾ, പുഴകൾ എന്നിവയെയാണ് മാലിന്യ മുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## വാട്ടർ അതോറിറ്റി പുനഃസംഘടന

2888 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പൊതുമേഖല സ്ഥാപനമാണോ സ്വയംഭരണ സ്ഥാപനമാണോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട കൃത്യമായ നിലപാട് അറിയിക്കാമോ;

(ബി) ജല അതോറിറ്റിയിൽ റീസ്ട്രക്ച്ചറിംഗ് നടപടികൾ നടത്തുന്നത് സർക്കാർ നിർദ്ദേശം അനുസരിച്ചാണോ; ഇതിനായി എന്തെങ്കിലും മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) കെ.ഡബ്ല്യൂ.എ. യിലെ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ അറിയിക്കാമോ; ഇത് നികത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ പൈപ്പ് മാറ്റൽ

2889 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതുമൂലം കുടിവെള്ള പ്രശ്നങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എവിടെയെല്ലാം കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ നിലവിൽ എവിടെയെല്ലാം പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ടെന്ന് അറിയിക്കാമോ; ആയതിന് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിയന്തരമായി മാറ്റി സ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി

2890 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണോ കടന്ന് പോകുന്നതെന്ന് അറിയിക്കാമോ; എങ്കിൽ അത് മറികടക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വെള്ളക്കരം ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

## വാട്ടർ അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദമാക്കുന്ന നടപടി

2891 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമായി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) അതോറിറ്റിയുടെ പ്രവർത്തനം പൗരാവകാശ രേഖ പ്രകാരം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## വാട്ടർ കണക്ഷനുകളുടെ എണ്ണം

2892 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി നാളിതുവരെ എത്ര ഗാർഹിക കണക്ഷനുകളും ഗാർഹികേതര കണക്ഷനുകളും നൽകിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഗാർഹിക, ഗാർഹികേതര കണക്ഷനുകളാണുള്ളതെന്ന് അറിയിക്കാമോ?

**പൈപ്പിന്റെ അറ്റകുറ്റപ്പണികൾക്കായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി**

2893 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പിന്റെ അറ്റകുറ്റപ്പണികൾക്കായി പൊളിക്കുന്ന പി.ഡബ്ല്യു.ഡി. ഉൾപ്പെടെയുള്ള മറ്റ് ഏജൻസികളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രസ്തുത ഏജൻസിയുടെ അനുവാദം ആവശ്യമായതിനാൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പരിഹാര നടപടി വ്യക്തമാക്കുമോ;

(ബി) പൈപ്പുകൾ പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് നടപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

2894 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രകാരം ഓരോ ഘട്ടത്തിലുമായി ആകെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചുവെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ചെലവ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

**കുന്നംകുളം മണ്ഡലത്തിലെ അമൃത് കുടിവെള്ള പദ്ധതികൾ**

2895 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ അമൃത് മിഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ; ആയവയുടെ പുരോഗതി അറിയിക്കാമോ?

**നെയ്യാറ്റിൻകര നഗരസഭയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്**

2896 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; എത്ര കോടി രൂപയാണ് ട്രീറ്റ്മെന്റ് പ്ലാന്റിനും അനുബന്ധ പൈപ്പ് ലൈൻ നീട്ടുന്നതിനുമായി വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ ടെണ്ടർ നടപടി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

## കായംകുളത്ത് വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്

2897 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## ആലുവ ചൂർണ്ണിക്കര പൈപ്പ് ലൈൻ റോഡിന്റെ പുനരുദ്ധാരണം

2898 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ചൂർണ്ണിക്കര പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പൈപ്പ് ലൈൻ റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിലെ കെ.ഡബ്ല്യു.എ./ജെ.ബി./പി.3/സ്റ്റേറ്റ് പ്ലാൻ/02/2020 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ 07.04.2022-ന് എം.എൽ.എ. ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകിയ കത്തിന് എത്രയും വേഗം മറുപടി ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ?

## വിളപ്പിൽ കുടിവെള്ള പദ്ധതി

2899 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോയെന്നും പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

## കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട്

2900 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട് പുരോഗതി വിശദമാക്കാമോ; ഈ പ്രോജക്ട് എന്ന് പൂർത്തീകരിക്കുവാൻ കഴിയും; ഈ പദ്ധതിയിലുൾപ്പെട്ട അരശുംമൂട്-കുഴിവിള

സ്കെച്ച് എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) അമൃത് II പദ്ധതിയിൽ തിരുവനന്തപുരം നഗരസഭയുടെ എത്ര വാർഡുകളാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്;

(സി) സംസ്ഥാനത്തെ ജലാശയങ്ങളിൽ അടിഞ്ഞുകിടക്കുന്ന എക്കലും മണലും നീക്കം ചെയ്ത് ജലാശയങ്ങളുടെ സ്വാഭാവിക ആഴം നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(ഡി) 2016-21 കാലത്ത് ജലാശയങ്ങൾ വൃത്തിയാക്കുന്നതിന് വാങ്ങിയ സിൽറ്റ് പുഷർ ഏതൊക്കെ ജലാശയങ്ങൾ വൃത്തിയാക്കുവാൻ ഉപയോഗിച്ചുവെന്ന് വിശദമാക്കാമോ?

## തവനൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി

2901 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട്, പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകൾക്കുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## കായംകുളം നഗരസഭ പ്രദേശത്ത് പുതിയ പൈപ്പ് ലൈനുകൾ

2902 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭ പ്രദേശത്ത് വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്നതും ഇതുമൂലം പലപ്പോഴും കുടിവെള്ള വിതരണം തടസ്സപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ചങ്ങലപ്പാലം കുടിവെള്ള പദ്ധതി

2903 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി, വൈക്കം മണ്ഡലങ്ങൾക്ക് വേണ്ടിയുള്ള ചങ്ങലപ്പാലം കുടിവെള്ള പദ്ധതിയിലെ ജലവിതരണം തടസ്സപ്പെടുന്നത് സംബന്ധിച്ച് 9.7.2021 ൽ ഡബ്ള്യൂ.എസ്./ബി 3 /170/2021 നമ്പർ പ്രകാരം നൽകിയിരുന്ന നിവേദനത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ?

## ആലപ്പുഴയിലെ ജല ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ

2904 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകളിൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ ജല ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ പുതുതായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## <u>പയ്യന്നൂർ നഗരസഭയിലെ കുടിവെള്ള പദ്ധതി</u>

2905 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കമോ;

(ബി) പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി അടിയന്തരമായി പുനരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ ജലജീവൻ മിഷൻ</u>

2906 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രകാരം നാളിതുവരെ എത്ര കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നതിന്റെ വിവരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## <u>വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതി</u>

2907 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത കുടിവെള്ള പദ്ധതി എന്ന് പൂർത്തിയാക്കാനാകും; വിശദാംശം ലഭ്യമാക്കാമോ?

## <u>മത്സ്യഫെഡിൽ കരാർ ദിവസ വേതന ജോലി</u>

2908 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് വർഷക്കാലയളവിനുള്ളിൽ മത്സ്യഫെഡിൽ കരാർ ദിവസ വേതന

അടിസ്ഥാനത്തിൽ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) മത്സ്യ സംഭരണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ എത്ര കോടിയുടെ ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാരായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മത്സ്യഫെഡിന്റെ അന്തിപ്പച്ച പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കടലോര സംരക്ഷണ പദ്ധതി</u>

2909 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടലും തീരപ്രദേശങ്ങളും പ്ലാസ്റ്റിക്ക് മാലിന്യവിമുക്തമാക്കി കടലിന്റെയും കടലോരത്തിന്റെയും സ്വാഭാവിക അവസ്ഥ വീണ്ടെടുക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മത്സ്യ സമ്പത്തിന്റെ സംരക്ഷണവും മത്സ്യത്തൊഴിലാളികളുടെ തൊഴിൽസുരക്ഷയും സാധ്യമാക്കുന്നതിന് എത്രത്തോളം സഹായകരമാണെന്ന് വിശദമാക്കുമോ?

## <u>ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന</u>

2910 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് സാമ്പത്തിക വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനകളുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ബി) ഇതിൽ മത്സ്യഫെഡുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## <u>സൗരോർജ്ജ ഫിഷ് ഡ്രൈയിങ്ങ് യൂണിറ്റ്</u>

2911 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് പുത്തൻകടപ്പുറത്ത് തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച സൗരോർജ്ജ ഫിഷ് ഡ്രൈയിങ്ങ് യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റിൽ മത്സ്യം ശുചിയാക്കി ഉണക്കിയെടുക്കുന്നതിന്

മത്സ്യതൊഴിലാളികളുടെ യൂണിറ്റ് ആരംഭിച്ചിരുന്നോ; വിശദവിവരം അറിയിക്കുമോ?

## തീരദേശമേഖലകളുടെ വികസനത്തിനുള്ള കിഫ്ബി പദ്ധതികൾ

2912 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശമേഖലകളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി വഴി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഫിഷറീസ് വകുപ്പ് വഴി 2016 മുതൽ തീരദേശ വികസനവുമായി ബന്ധപ്പെട്ട് എത്ര റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## മത്സ്യഫെഡിലെ ജീവനക്കാർ

2913 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ ആകെ ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ; അതിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്നും, എത്ര കരാർ ജീവനക്കാർ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) മത്സ്യഫെഡിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ?

## മത്സ്യഫെഡിലെ അഴിമതി

2914 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ അന്തിപ്പച്ച എന്ന പേരിൽ മത്സ്യഫെഡ് ആരംഭിച്ച മീൻ വിൽപ്പനയിൽ വൻ സാമ്പത്തിക അഴിമതി നടന്നതായി മത്സ്യഫെഡ് ഓഡിറ്റ് വിഭാഗം കണ്ടെത്തുകയുണ്ടായോ;

(ബി) ഇതുസംബന്ധിച്ച് മത്സ്യതൊഴിലാളികൾ പോലീസിൽ പരാതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ കേസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) മത്സ്യം വില്പനയുമായും വാങ്ങലുമായും ബന്ധപ്പെട്ട് മറ്റേതെങ്കിലും സ്ഥലങ്ങളിൽ സമാനമായ അഴിമതികൾ വകുപ്പ് കണ്ടെത്തുകയുണ്ടായോ;

(ഡി) മത്സ്യഫെഡിൽ രാഷ്ട്രീയ നിയമനം നേടിയ ജീവനക്കാരാണോ ഈ തട്ടിപ്പുകൾ നടത്തുന്നതിന് നേതൃത്വം നൽകിയത്; വിശദാംശം നൽകുമോ?

## മത്സ്യഫെഡ് അഴിമതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട്

2915 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ നടന്ന തട്ടിപ്പിനെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന ഫിഷറീസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## മത്സ്യഫെഡ് ഓഡിറ്റ് റിപ്പോർട്ട്

2916 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ മത്സ്യഫെഡ് ചെയർമാൻ ശമ്പളവും മറ്റ് അലവൻസുകളും ആയി കൈപ്പറ്റിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിലെ മത്സ്യഫെഡ് ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ നടപടി

2917 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിലുള്ള മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) കേടുവരാത്തതും ഗുണമേന്മയുള്ളതുമായ മത്സ്യങ്ങൾ മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ വഴി വിതരണം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) മത്സ്യഫെഡ് കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

## മത്സ്യഫെഡിലെ ക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണം

2918 **ശ്രീമതി.ഉമ തോമസ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ എം വിൻസെന്റ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംഭരണ വിതരണ കേന്ദ്രമായ കൊല്ലം ശക്തികുളങ്ങരയിലെ കോമൺ പ്രീ പ്രോസസിംഗ് സെന്ററിൽ നടന്നതായി പറയപ്പെടുന്ന തട്ടിപ്പിന് മത്സ്യ ഇടപാടുകളുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ വീഴ്ച കാരണമായിട്ടുണ്ടെന്ന് ഫിഷറീസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തട്ടിപ്പിൽ താൽക്കാലിക ജീവനക്കാരനായ അക്കൗണ്ടന്റിനെ പിരിച്ചുവിടുകയും സ്ഥിരം ജീവനക്കാരനായ ജൂനിയർ അസിസ്റ്റന്റിനെ സസ്പെൻഡ് ചെയ്യുകയും ചെയ്തുകൊണ്ട് അഴിമതി മൂടിവയ്ക്കുവാനാണ് ശ്രമിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ശക്തിപകരുന്നതാണോ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്ന് വ്യക്തമാക്കുമോ;?

## മലപ്പുറം ജില്ലയിലെ മത്സ്യഫെഡ് മത്സ്യമാർക്കറ്റുകൾ

2919 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം,

സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എവിടെയെല്ലാമാണ് മത്സ്യഫെഡ് മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഒരു മത്സ്യമാർക്കറ്റിനായി ഏകദേശം എത്ര തുകയാണ് മത്സ്യഫെഡ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മങ്കട നിയോജക മണ്ഡലത്തിൽ മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതിനായി മത്സ്യഫെഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## അന്തിപച്ച പദ്ധതിയിലെ അഴിമതി

2920 **ശ്രീ എം വിൻസെൻറ്**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തിപച്ച പദ്ധതിയിലെ അഴിമതി പുറത്തുവന്നതിനെ തുടർന്ന് പരിശോധന നടത്തുന്നതിനായി പ്രത്യേക ഓഡിറ്റ് സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത ഓഡിറ്റ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അഴിമതിയിൽ ഉൾപ്പെട്ട മുഴുവനാളുകളെയും നിയമത്തിന് മുൻപിൽ കൊണ്ടുവരുന്നതിന് ഓഡിറ്റ് നടപടികൾ പര്യാപ്തമാണോ; മത്സ്യഫെഡിലെ അഴിമതി സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ;

(സി) മത്സ്യഫെഡിൽ കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിന് താൽക്കാലിക ജീവനക്കാരെ ചുമതലപ്പെടുത്തുന്നതിലൂടെ അഴിമതി നടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## മത്സ്യലഭ്യത ഉറപ്പുവരുത്താൻ നടപടി

2921 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യലഭ്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## അന്തിപ്പച്ച മത്സ്യ വിതരണ സംവിധാനം

2922 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ എം വിൻസെൻറ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റി പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിൽക്കുന്നതിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് ലഭിക്കുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് ആ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അന്തിപ്പച്ച എന്ന പേരിൽ മായം ചേർക്കാത്ത മത്സ്യം വിതരണം ചെയ്യുന്നതിന് നിലവിൽ എവിടെയൊക്കെയാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്?;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാവപ്പെട്ട മത്സ്യത്തൊഴിലാളി സ്ത്രീകളെ മറയാക്കി വ്യാപകമായ ക്രമക്കേടുകൾ നടത്തുന്നു എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ ?

## മത്സ്യ ഗുണനിലവാരവും മാർക്കറ്റ് ശുചിത്വവുമുറപ്പാക്കാൻ പദ്ധതി

2923 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾക്ക് ഗുണനിലവാരമുള്ള പച്ചമത്സ്യം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മൂല്യവർദ്ധിതോല്പന്നങ്ങളിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ജില്ലകളിലെ മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനും ശുചിത്വമുറപ്പാക്കാനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

## മത്സ്യ ഉപഭോഗത്തിലും ലഭ്യതയിലും സ്വയം പര്യാപ്തത

2924 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ദൈനംദിന ആവശ്യത്തിന് വേണ്ടുന്ന മത്സ്യത്തിന്റെ അളവും സംസ്ഥാനത്ത് നിന്നുള്ള മത്സ്യ ലഭ്യതയുടെ അളവും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും ദിനം പ്രതി കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും ഇത്തരത്തിൽ സംസ്ഥാനത്ത് എത്തുന്ന മത്സ്യങ്ങളിലെ മായം

ചേർക്കൽ തടയുവാൻ ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മായം ചേർക്കലുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര തോതിലുള്ള മത്സ്യം നശിപ്പിച്ചുവെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് എത്ര പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മത്സ്യ ഉപഭോഗത്തിനനുസൃതമായി മത്സ്യ ഉൽപാദനം നടത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മത്സ്യ ഉപഭോഗത്തിലും ലഭ്യതയിലും സംസ്ഥാനം എപ്പോൾ സ്വയം പര്യാപ്തത കൈവരിക്കും എന്നാണ് കരുതുന്നത്; വിശദാംശം വ്യക്തമാക്കുമോ?

## മത്സ്യ സമ്പത്ത് വർദ്ധന സംബന്ധിച്ച ശാസ്ത്രീയ പഠനം

2925 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന സമയത്ത് മത്സ്യ സമ്പത്ത് ഫലപ്രദമായി വർദ്ധിക്കുന്നുണ്ടോ എന്ന് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## മത്സ്യലഭ്യതയിലുണ്ടായ ഇടിവ്

2926 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോവർഷം കഴിയുന്തോറും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തുനിന്നും എത്ര ടൺ മത്സ്യമാണ് ലഭിച്ചത്; വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ കേരള തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## ഓൺലൈൻ മത്സ്യവിപണി

2927 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ മത്സ്യവിപണി പ്രോത്സാഹിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) തുറമുഖങ്ങളിൽ നിന്നും മത്സ്യം വാങ്ങി വിപണിയിൽ എത്തിക്കുന്നതിന് മത്സ്യതൊഴിലാളി സ്ത്രീകൾക്ക വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

## സ്ത്രീ സൗഹൃദ മത്സ്യവിപണന മാർക്കറ്റുകൾ

2928 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിപണന സംസ്കരണ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) മത്സ്യവിപണന മാർക്കറ്റുകൾ കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മണ്ണെണ്ണവില വർദ്ധനവ്

2929 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയുടെ വില ഉയരുന്നതും ലഭ്യത കുറവും മൂലം മത്സ്യബന്ധനത്തിനായി മണ്ണെണ്ണ വാങ്ങി മത്സ്യത്തൊഴിലാളികൾ കടക്കെണിയിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ വില നൽകി മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനം നടത്തിയാലും ഇതിന്റെ നേട്ടം തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ലൈസൻസികളെ ഉപയോഗിച്ച് മണ്ണെണ്ണ വിതരണം നടത്തുന്നത് ഒഴിവാക്കി മത്സ്യഫെഡ് മുഖേന കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ?

## മത്സ്യതൊഴിലാളികളുടെ പുനരധിവാസം

2930 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ഫിഷിങ് ഹാർബറുകളുടെയും തുറമുഖങ്ങളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസ വ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടിയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളവരുടെ ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ തുറമുഖ നിർമ്മാണ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## സുനാമി കോളനികളുടെ പുനരുദ്ധാരണം

2931 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ സുനാമികോളനികൾ

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോളനികളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി പ്രത്യേക നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

2932 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനവുമായി ബന്ധപ്പെട്ട് നൽകുന്ന ലംപ്സം ഗ്രാന്റ് യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## മത്സ്യതൊഴിലാളികൾക്കുള്ള ചികിത്സാ പദ്ധതി

2933 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ എം രാജഗോപാലൻ**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗം ബാധിച്ച മത്സ്യതൊഴിലാളികൾക്ക് അഞ്ച് വർഷത്തെ തുടർചികിത്സാ സഹായം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ചികിത്സാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾക്ക് എത്ര തുക വരെ സഹായം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; പദ്ധതി പ്രകാരം മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഒരുപോലെ സഹായം ലഭ്യമാകുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) മത്സ്യതൊഴിലാളി അനുബന്ധ തൊഴിലാളി അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇൻഷ്വറൻസ് തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) മത്സ്യതൊഴിലാളികൾ മരണപ്പെട്ടാൽ കുടുംബത്തിന് ലഭിക്കേണ്ട നഷ്ടപരിഹാരം യഥാസമയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## മത്സ്യതൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി

2934 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ ഏറെ ബാധിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അനുബന്ധ തൊഴിലാളികളെയും തീരദേശവാസികളെയുംകൂടി ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

**<u>നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്തെ രണ്ടാംഘട്ട ഭവന പദ്ധതി</u>**

2935 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്തെ വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്കായി രണ്ടാംഘട്ട ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

**<u>ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ</u>**

2936 **ശ്രീമതി.ഉമ തോമസ്**
**ശ്രീ എം വിൻസെൻറ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) തീര ശോഷണം മൂലം ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഭവന രഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അനുയോജ്യമായ വാസഗൃഹം നിർമ്മിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>മത്സ്യതൊഴിലാളികൾക്കുള്ള ട്രോളിംഗ് നിരോധനകാലത്തെ പദ്ധതികൾ</u>**

2937 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനത്തെ തുടർന്ന് വരുമാനം നിലച്ച മത്സ്യതൊഴിലാളി കുടുംബങ്ങളുടെ ആശങ്ക അകറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇവർക്കായി സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ട്രോളിംഗ് നിരോധനത്തെ തുടർന്ന് ഏറെ ദുരിതത്തിലായ മത്സ്യതൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## പുനർഗേഹം പദ്ധതി

2938 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ പദ്ധതി

2939 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ.കെ.രമ**
**ശ്രീ എം വിൻസെൻറ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ആശ്വാസമായി നിശ്ചിത തുക നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) കോവിഡ്, ലോക്ക്ഡൗൺ, ഇന്ധന വിലവർദ്ധനവ് അടക്കമുള്ള പ്രതിസന്ധികളിൽപ്പെട്ട് ഉപജീവനം പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ആശ്വാസ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കാനും നിലവിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## മത്സ്യ വിപണന മേഖലയിലെ തൊഴിലാളികൾക്കുള്ള പദ്ധതികൾ

2940 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ വിപണന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കായി ഏതെങ്കിലും തരത്തിലുള്ള സഹായ പദ്ധതികൾ നിലവിലുണ്ടോയെന്നും മത്സ്യത്തൊഴിലാളി എന്ന നിർവ്വചനത്തിൽ അവർ ഉൾപ്പെടുന്നുണ്ടോയെന്നും അറിയിക്കുമോ ;

(ബി) മത്സ്യ വ്യാപാരത്തിൽ ഏർപ്പെടുന്നവർക്ക് രജിസ്ട്രേഷനോ ലൈസൻസോ ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളികൾക്ക് പലിശ രഹിത വായ്പ അനുവദിക്കാൻ നടപടി

2941 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിങ് നിരോധനത്തെത്തുടർന്ന് പ്രതിസന്ധിയിലായിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പലിശ രഹിത വായ്പ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) ഡീസൽ, വല, റോപ്, എൻജിൻ ഓയിൽ തുടങ്ങിയവയുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ മത്സ്യബന്ധന മേഖല നേരിടുന്ന ഇത്തരം പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ട്രോളിംഗ് നിരോധനം

2942 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ കാലയളവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ?

## കരുനാഗപ്പള്ളി മണ്ഡലത്തിലെ പുനർഗേഹം പദ്ധതി

2943 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മാറ്റി പാർപ്പിക്കുന്ന കുടുംബങ്ങൾ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങളിൽ മാറി താമസിക്കാൻ സമ്മതം പ്രകടിപ്പിച്ചിട്ടുള്ളതും പുനർഗേഹം പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതുമായ കുടുംബങ്ങൾ എത്രയെന്നും അവരെ മാറ്റി പാർപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) ബാക്കിയുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

## കീരംപാറ പുന്നേക്കാട് മൾട്ടിസ്പീഷ്യസ് ഇക്കോഹാച്ചറി

2944 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ പുന്നേക്കാട് മൾട്ടിസ്പീഷിസ് ഇക്കോഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) നിലവിൽ എത്ര തുകയുടെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത ഹാച്ചറിയിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ പ്രസ്തുത ഹാച്ചറിയിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് നടപ്പിലാക്കുന്നതെന്നും ഇതിനായി എത്ര തുകയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) പുതിയ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവർത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും വിശദമാക്കാമോ?

## ഗുരുവായൂർ പുത്തൻകടപ്പുറം ഫിഷ്ലാന്റിംഗ് സെന്റർ

2945 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ പുത്തൻകടപ്പുറം ഫിഷ്ലാന്റിംഗ് സെന്ററിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പുത്തൻകടപ്പുറം ഫിഷ്ലാന്റിംഗ് സെന്ററിലെ യൂട്ടിലിറ്റി സെന്റർ വർഷങ്ങൾക്ക് മുൻപ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത യൂട്ടിലിറ്റി സെന്ററിന്റെ കോൺക്രീറ്റ് അവശിഷ്ടങ്ങൾ കടൽക്കരയിൽ നിന്നും മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പുത്തൻകടപ്പുറം ഫിഷ്ലാന്റിംഗ് സെന്ററിനെ മിനി ഹാർബറായി ഉയർത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളി സബ്സിഡി സംബന്ധിച്ച് ലോക വ്യാപാര സംഘടനയുടെ നിർദ്ദേശം

2946 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ കെ ആൻസലൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക വ്യാപാര സംഘടനയുടെ പന്ത്രണ്ടാമത് മന്ത്രിതല യോഗത്തിലെ കരട് രൂപരേഖയിൽ സുസ്ഥിര കടൽ വിഭവ വിനിയോഗം ഉറപ്പാക്കാനെന്ന പേരിൽ മത്സ്യത്തൊഴിലാളികൾക്ക് അംഗ രാജ്യങ്ങൾ നൽകുന്ന സബ്സിഡിയും സാമ്പത്തിക ആനുകൂല്യവും നിർത്തലാക്കണമെന്ന നിർദ്ദേശം മുന്നോട്ട് വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ചെറുകിട മത്സ്യത്തൊഴിലാളികളെ സാരമായി ബാധിക്കുന്ന പ്രസ്തുത നിർദ്ദേശത്തോട് സർക്കാരിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ;

(സി) ലോക വ്യാപാര സംഘടനയുടെ പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാടിനെക്കുറിച്ച് അറിവുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടികൾ

2947 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ മത്സ്യ ലഭ്യതയിൽ വലിയതോതിലുള്ള കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്തെന്ന് കണ്ടെത്താൻ പഠനം നടത്തുകയുണ്ടായോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മത്സ്യ ലഭ്യതയിലെ കുറവ് മൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

2948 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ എം വിൻസെൻറ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കെടുതിയും മത്സ്യ ദൗർലഭ്യവും ഇന്ധന വില വർധനവും ഉൾപ്പെടെയുള്ള പ്രതിസന്ധികൾ ഉപജീവനമാർഗ്ഗം മുടക്കിയതോടെ മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പെർമിറ്റുള്ള വള്ളങ്ങൾക്ക് സബ്സിഡി നിരക്കിൽ ഒരു മാസത്തേക്ക് ലഭിക്കുന്ന മണ്ണെണ്ണ ഒരാഴ്ച കടലിൽ പോകാൻ പോലും തികയുകയില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സബ്സിഡി നിരക്കിൽ കൂടുതൽ മണ്ണെണ്ണ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലെ ബോട്ടുകളിലൂടെ ഡീസൽ ഇനത്തിൽ സംസ്ഥാനത്തിന് പ്രതിദിനം വലിയ നികുതി വരുമാനം ഉണ്ടായിട്ടും മത്സ്യബന്ധനമേഖലയ്ക്ക് അയൽ സംസ്ഥാനങ്ങളുടെ മാതൃകയിൽ ഡീസൽ സബ്സിഡി നൽകുവാൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഡീസൽ സബ്സിഡി അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തെ ബോട്ടുകൾക്കുള്ള ലൈസൻസ് ഫീസ് അയൽ സംസ്ഥാനങ്ങളിൽ ഈടാക്കുന്നതിനേക്കാൾ വളരെ ഉയർന്നതാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ലൈസൻസ് ഫീസ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ വ്യക്തമാക്കുമോ?

## വളത്തിനും മറ്റുമായി ചെറുമത്സ്യങ്ങളെ ഉപയോഗിക്കുന്നത് തടയാൻ നടപടി

2949 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത വള്ളങ്ങൾ പ്രത്യേകിച്ച് ഇൻബോർഡ് വള്ളങ്ങൾ വലിയ തോതിൽ ചെറുമത്സ്യങ്ങളെ പിടിച്ച് വളത്തിനും മറ്റുമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## മത്സ്യബന്ധന മേഖലക്കായി നടപ്പിലാക്കിയ പദ്ധതികൾ

2950 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റേയും ഈ സർക്കാരിന്റെയും കാലത്ത് മത്സ്യബന്ധന മേഖലക്കായി

നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സമുദ്രസുരക്ഷയ്ക്കായി മുൻ സർക്കാരിന്റേയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് അറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി മുൻ സർക്കാരിന്റേയും ഈ സർക്കാരിന്റെയും കാലത്ത് ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിവരം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

## മത്സ്യബന്ധന മേഖലയിലെ അനഭിലഷണീയ പ്രവർത്തനങ്ങൾക്കെതിരെ നടപടി

2951 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസമ്പത്ത് കൊള്ളയടിക്കുവാനും അവ മത്സ്യതൊഴിലാളികൾക്ക് ലഭ്യമല്ലാതാക്കുവാനുമായി പ്രവർത്തിയ്ക്കുന്ന സംഘങ്ങൾ സംസ്ഥാനത്ത് സജീവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഘങ്ങൾ മത്സ്യവില വർധിപ്പിച്ച് അനധികൃത ലാഭം കൊയ്യുവരുന്നതും ആയത് തീരദേശ മേഖലയേയും മത്സ്യതൊഴിലാളികളേയും മത്സ്യവിപണന മേഖലയേയും പ്രതികൂലമായി ബാധിയ്ക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എങ്കിൽ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ മത്സ്യബന്ധനങ്ങൾ കേന്ദ്ര, സംസ്ഥാന നിയമങ്ങൾക്ക് വിധേയമായി മാത്രമാക്കുന്നതിനും കോസ്റ്റൽ പോലീസ്, ഫിഷറീസ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ഫൈനുകൾ ഈടാക്കുന്നത്തിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## മത്സ്യവിഭവ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ

2952 **ശ്രീ. എച്ച്. സലാം**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിഭവ സംരക്ഷണത്തിലും പരിപാലനത്തിലും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ കൂടി പങ്കാളിത്തം ഉറപ്പാക്കുന്ന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമോയെന്ന് അറിയിക്കാമോ;

(ബി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി മത്സ്യ ആവാസ വ്യവസ്ഥ സൃഷ്ടിക്കാൻ കൃത്രിമ പാരുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രയോജനം

വിലയിരുത്തിയിരുന്നോ; പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

**അശാസ്ത്രീയ മത്സ്യബന്ധനം തടയാൻ നടപടി**

2953 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ട്രോളിംഗ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും കടലിന്റെ അടിത്തട്ടിലെ മത്സ്യക്കുഞ്ഞുങ്ങളെ അശാസ്ത്രീയമായി കോരി എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ അശാസ്ത്രീയമായ മത്സ്യബന്ധനം തടയാൻ മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) അശാസ്ത്രീയമായ മത്സ്യ ബന്ധനം മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുകയും തന്മൂലം തീരദേശ മേഖല വറുതിയിലാവുകയും ചെയ്ത കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**തീരദേശപരിപാലന പ്ലാനിന് അനുമതി ലഭിക്കാൻ നടപടി**

2954 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ്. വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) നഗര സ്വഭാവമുള്ള നൂറ്റി എഴുപത്തിയഞ്ച് പഞ്ചായത്തുകളെ നഗരങ്ങൾക്ക് ബാധകമായതും കൂടുതൽ ഇളവുകൾ ഉള്ളതുമായ സോൺ രണ്ടിലേക്ക് മാറ്റണമെന്ന സംസ്ഥാനത്തിന്റെ ശിപാർശ കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തീരദേശപരിപാലന പ്ലാനിന് അന്തിമ അനുമതി ലഭിക്കുന്നത് വൈകുന്തോറും നിയമപരമായി നടപ്പാക്കാൻ കഴിയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതത്വത്തിൽ ആകുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തീകരിക്കുമോ; വിശദാംശം നൽകുമോ?

**എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി**

2955 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**

**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന മത്സ്യകേരളം പദ്ധതിയുടെ പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കുന്ന മത്സ്യകൃഷി വ്യാപന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ചെറുകിട മത്സ്യ കർഷകർക്ക് ആവശ്യാനുസരണം മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ പരമ്പരാഗത ശുദ്ധജല മത്സ്യ ഇനങ്ങളുടെ സംരക്ഷണത്തിനും ഇവയെ വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

2956 **ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിപണിയിൽ പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും സ്വീകാര്യത ഉറപ്പുവരുത്തുന്നതിനും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇത്തരം പ്രചാരണങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) മത്സ്യകൃഷിക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

## ഉൾനാടൻ മത്സ്യോല്പാദനത്തിലെ കുറവ്

2957 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിലെ ആകെ മത്സ്യോല്പാദനത്തിന്റെ എഴുപത് ശതമാനവും ഉൾനാടൻ മേഖലയിൽനിന്നും ലഭിക്കുമ്പോൾ കേരളത്തിന്റെ സംഭാവന മുപ്പത് ശതമാനത്തിൽ താഴെ മാത്രമാണെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) 2015-16 വരെയുള്ള കാലയളവിൽ ഉൾനാടൻ മത്സ്യോല്പാദനത്തിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം പിന്നീട് പുറകോട്ട് പോയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പിന്നാക്കാവസ്ഥയ്ക്ക് കാരണം സംസ്ഥാനത്തെ ഉൾനാടൻ ജലവിഭവ ശേഷി ഉപയോഗിക്കുന്നതിലുണ്ടായ വീഴ്ചയാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ജനകീയ മത്സ്യകൃഷി.

2958 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി വിതരണം ചെയ്തുവരുന്ന ആസാം വാള മത്സ്യങ്ങൾക്ക് വിൽപ്പന സാധ്യത വളരെ കുറവാണെന്നും വില തീരെ ലഭിക്കാത്തതാണെന്നുമുള്ള കർഷകരുടെ വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആസാം വാള മത്സ്യക്കുഞ്ഞുങ്ങൾക്ക് പകരം രോഹു, കട്‌ല, തിലോപ്പി തുടങ്ങിയ ഇനം മത്സ്യക്കുഞ്ഞുങ്ങളെ ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2021-ൽ ആസാം വാള മത്സ്യകൃഷി നടത്തിയവരും 16-10-2021-ലെ അതിതീവ്രമഴ മൂലം ബണ്ട് പൊട്ടിയതിനെ തുടർന്ന് മത്സ്യകൃഷിക്കായി സ്ഥാപിച്ചിരുന്ന കാലുകളും നെറ്റും തകർന്ന് മത്സ്യങ്ങൾ ഒഴുകിപ്പോയതിനെ തുടർന്ന് വലിയ നഷ്ടം സംഭവിച്ചവരുമായ കർഷകർക്ക് ധനസഹായം അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ?

## ഫാം ടൂറിസത്തിൽ മത്സ്യകൃഷിയുടെ സാധ്യതകൾ

2959 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ടൂറിസത്തിൽ മത്സ്യ കൃഷിയുടെ സാധ്യതകളെ കുറിച്ച് ഫിഷറീസ് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) കൃഷി, ഫിഷറീസ്, ടൂറിസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഫാം ടൂറിസം മേഖലകളിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ;

(സി) പട്ടാമ്പി മണ്ഡലത്തിലെ കാർഷിക ഗവേഷണ സർവ്വകലാശാലയിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) പൊതു ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മത്സ്യം വാങ്ങുന്നതിന് ഫാം ടൂറിസം മത്സ്യ കൃഷി പോലുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് ഗ്രാന്റ് അനുവദിക്കുമോ?

## മത്സ്യകൃഷി പ്രോത്സാഹന പദ്ധതികൾ

2960 **ശ്രീ. എം. എം. മണി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ആവശ്യകതയും ഉൽപ്പാദനവും തമ്മിൽ പ്രതിവർഷം രണ്ടു ലക്ഷം ടണ്ണിന്റെ വിടവുള്ളതിനാൽ മത്സ്യകൃഷിയുടെ പ്രധാന്യം പരിഗണിച്ച് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2025 ഓടെ മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം ഇരട്ടിയാക്കാൻ ഉദ്ദേശ്യമുണ്ടോ; ഇതിനായി മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) അണക്കെട്ടുകളിലും ജലസംഭരണികളിലും പൊതു കുളങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കൽ സാധ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## <u>ബയോ ഫ്ലോക്ക് മത്സ്യകൃഷി</u>

2961 **ശ്രീ എം മുകേഷ്**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതനവും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്നതും പരിസ്ഥിതി സൗഹൃദവും കുറഞ്ഞ ചെലവിൽ പോഷകമൂല്യമേറിയ മത്സ്യലഭ്യത സുസ്ഥിരമായി ഉറപ്പാക്കുന്നതുമായ ബയോ ഫ്ലോക്ക് മത്സ്യകൃഷിയുടെ സാധ്യതകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ബയോഫ്ലോക്ക് മത്സ്യകൃഷിയുടെ അടിസ്ഥാന തത്വങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഒരു യൂണിറ്റിന്റെ പ്രവർത്തനച്ചെലവ് ശരാശരി എത്രയാണെന്നും അവയുടെ എത്ര ശതമാനം സബ്സിഡി ലഭിക്കുമെന്നും അറിയിക്കാമോ;

(ഡി) കുറഞ്ഞ ജല-വിനിയോഗ-വിനിമയ നിരക്കും സ്ഥല വിസ്തൃതിയും ഉയർന്ന ഉല്പാദന ക്ഷമതയുമുള്ള ജൈവ സുരക്ഷ ഉറപ്പുള്ള പ്രസ്തുത പദ്ധതി കൂടുതൽ പേർക്ക് തൊഴിലും വരുമാനവും ലഭിക്കത്തക്കവിധം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനം</u>

2962 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഉൾനാടൻ മത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൂടുതൽ സ്ഥലങ്ങളിലും ജലസേചനാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള റിസർവോയറുകളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദീകരിക്കാമോ?

## വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുനർഗേഹം പദ്ധതി

2963 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുനർഗേഹം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കേണ്ട വൈപ്പിൻ നിയോജക മണ്ഡലത്തിലെ കുടുംബങ്ങളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ പദ്ധതി ഗുണഭോക്താക്കളിൽ എത്രപേരുടെ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും എത്രപേരുടെ ഭവനനിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## പരവൂർ ചില്ലയ്ക്കൽ ഫിഷ് ലാന്റിംഗ് സെന്റർ

2964 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ ചില്ലയ്ക്കൽ തീരപ്രേദശത്ത് നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## മത്സ്യകേരളം പദ്ധതി

2965 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകേരളം പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലപ്പുറം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) വംശനാശ ഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണം

2966 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ ഫിഷ് ലാന്റിംഗ്

സെന്ററിലേക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് ഫിഷ് ലാന്റിംഗ് സെന്റർ പൂർണ്ണരീതിയിൽ ഉപയുക്തമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് 13/03/2022-ന് സമർപ്പിച്ച പരാതിയെത്തുടർന്ന് മത്സ്യബന്ധന തുറമുഖ(ബി) വകുപ്പിലെ ബി2/77/2022 നമ്പർ ഫയലിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി കൂടുതൽ ഭൂമി വിട്ടുനൽകുമെന്ന് ഭൂവുടമകൾ സമ്മതിച്ചിട്ടുണ്ടോ; പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) സ്ഥലമെടുപ്പ് പൂർത്തിയായശേഷം ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണത്തിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ വിശദമാക്കുമോ?

## <u>പുനർഗേഹം പദ്ധതി</u>

2967 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പുനർഗേഹം പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന് വിശദമാക്കാമോ;

(ബി) പുനർഗേഹം പദ്ധതി പ്രകാരം ഏതെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

## <u>തേവര ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ നവീകരണം</u>

2968 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജക മണ്ഡലത്തിലെ തേവരയിൽ ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തേവര ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ അപകടാവസ്ഥയെക്കുറിച്ചുള്ള പരാതിയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ നവീകരണത്തിനായി നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മൽസ്യത്തൊഴിലാളിക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

## <u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ</u>

2969 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കി വരുന്ന പദ്ധതികളും നടപ്പിലാക്കുവാൻ വിഭാവനം ചെയ്ത പദ്ധതികളും വിശദമാക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ</u>**

2970 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾ</u>**

2971 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തർക്കം മൂലം സ്ഥലവും വീടും ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തർക്കം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പ് അനുവദിച്ച പദ്ധതികൾ</u>**

2972 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

**<u>പ്രകൃതിക്ഷോഭങ്ങൾ തടയാനുള്ള പ്രവർത്തനങ്ങൾ</u>**

2973 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളുടെ വിസ്തൃതി എത്രയെന്നും ആയതിൽ കടലാക്രമണ/അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശവിസ്തൃതി എത്രയെന്നും പ്രസ്തുത പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളെ വേലിയേറ്റം, വേലിയിറക്കം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ ഏത് രീതിയിൽ ബാധിയ്ക്കുമെന്നും, ഈ സർക്കാർ കാലയളവിൽ

എത്ര പേർക്ക് ഈ വിധം കിടപ്പാടം നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള എന്തെല്ലാം കഷ്ടനഷ്ടങ്ങളുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) തീരദേശ ജനതയെ ബാധിക്കുന്ന ഇത്തരം അവസ്ഥയ്ക്ക് ശാശ്വതപരിഹാരം കാണുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**<u>തിരൂരങ്ങാടിയിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖേനയുള്ള പ്രവൃത്തികൾ</u>**

2974 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള റോഡ് നവീകരണവുമായി ബന്ധപ്പെട്ട റൂൾസ് ആൻഡ് റെഗുലേഷൻസ് എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടെയും, സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിഗ് വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി;വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>കൂട്ടായി അഴിമുഖത്തെ മിനി ഹാർബർ നിർമ്മാണം</u>**

2975 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ഹാർബറിൽ കടലിൽ നിന്നും മത്സ്യവുമായി തിരിച്ചെത്തുന്ന വള്ളങ്ങൾ അഴിമുഖത്തിനടുത്ത് തിരൂർ പൊന്നാനി പുഴയിലാണ് നങ്കൂരമിടുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ജലപാതക്ക് വേണ്ടി പ്രൊപ്പോസൽ ചെയ്ത ഈ പുഴയിൽ മറ്റ് ജലയാനങ്ങൾക്ക് മാർഗ്ഗ തടസ്സമാകുന്നകാര്യം ശ്രദ്ധയിൽ ഉണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി കൂട്ടായി അഴിമുഖത്ത് ഒരു മിനി ഹാർബർ നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

**<u>തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>**

2976 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ജില്ലയിൽ പുതുതായി പ്രൊപ്പോസൽ സമർപ്പിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**<u>പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തി</u>**

2977 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എൺവയോൺമെന്റൽ ഇംപാക്റ്റ് അസെസ്സ്മെന്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കി സി.ആർ.ഇസഡ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ച അപേക്ഷയിൽ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

## മഞ്ചേശ്വരത്തെ തീരദേശ റോഡുകൾ

2978 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച തീരദേശ റോഡുകളുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതിക്കായി പ്രപ്പോസൽ സമർപ്പിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

## ഹരിപ്പാട് തീരദേശ റോഡുകളുടെ നിർവ്വഹണം

2979 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള ആറാട്ടുപുഴ-കാർത്തികപ്പള്ളി പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്ന പിള്ളക്കടവ് മുതൽ ധന്യ ഓഡിറ്റോറിയം വരെയുള്ള റോഡ്, കന്നുകാലിപ്പാലം തപസ്യ ജംഗ്ഷൻ റോഡ്, കുമാരപുരം പഞ്ചായത്തിലെ വാർഡ് 8, 9, 10 കടന്നുപോകുന്ന ചെമ്പം പടിക്കൽ ഉണിക്കാന്ത്ര റോഡ് എന്നീ വർക്കുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ;

(ബി) ഉണിക്കാന്ത്ര റോഡ് നിർമ്മാണത്തിനായി കുത്തിപ്പൊളിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് അടിയന്തിരമായി നിർമ്മിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ?

## പയ്യന്നൂർ തിയേറ്റർ കോംപ്ലക്സ് നിർമ്മാണം

2980 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കലാകാരന്മാർക്കുള്ള പെൻഷൻ

2981 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം,

സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്കുള്ള പെൻഷൻ വാങ്ങുന്ന പെരിന്തൽമണ്ണ മണ്ഡലത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അറിയിക്കാമോ; ഓരോ തദ്ദേശ സ്ഥാപനങ്ങളിലെയും ഗുണഭോക്താക്കളുടെ എണ്ണം വേർതിരിച്ച് വ്യക്തമാക്കുമോ?

## ആമ്പല്ലൂരിലെ തീയേറ്റർ സമുച്ചയ നിർമ്മാണം

2982 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടുകൂടി കെ.എസ്.എഫ്.ഡി.സി. പുതുക്കാട് നിയോജക മണ്ഡലത്തിലെ ആമ്പല്ലൂരിൽ നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 2020 ജനുവരിയിൽ ആരംഭിച്ച പ്രസ്തുത തീയേറ്റർ സമുച്ചയ നിർമ്മാണം കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## കെ.ജി. സുബ്രഹ്മണ്യം സാംസ്കാരിക നിലയം

2983 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പിൽ കെ.ജി. സുബ്രഹ്മണ്യം സ്മാരക സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ജന്മഗൃഹത്തോട് ചേർന്ന് 4 ഏക്കർ സ്ഥലം കൂത്തുപറമ്പ് നഗരസഭ കണ്ടെത്തിയെങ്കിലും ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സാംസ്കാരിക നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ലളിതകലാ അക്കാദമിയുമായി ചേർന്ന്, റവന്യൂ, പൊതുമരാമത്ത് വകുപ്പുകളെ ഏകോപിപ്പിച്ച് സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികൾക്ക് വേഗം കൂട്ടുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## വി. ടി. ഭട്ടതിരിപ്പാട് സ്മാരക സമുച്ചയം

2984 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് യാക്കരയിലെ വി.ടി. ഭട്ടതിരിപ്പാട് സ്മാരക സമുച്ചയത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത സ്മാരക സമുച്ചയത്തിൽ എന്തെല്ലാം സാംസ്കാരിക പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## നാട്ടരങ്ങ് പദ്ധതി

2985 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ അത്താണിക്കൽ കേന്ദ്രീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നാട്ടരങ്ങ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനവും നിർവ്വഹണ ഏജൻസിയും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി വിഭാവനം ചെയ്യുന്ന ഘടകങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

## ചെമ്പകശ്ശേരി വിശ്വം സ്മാരക നിർമ്മാണം

2986 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ചെമ്പകശ്ശേരി വിശ്വം സ്മാരകം നിർമ്മിക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

## ഗിരീഷ് പുത്തഞ്ചേരിയുടെ സ്മാരകം

2987 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത സിനിമ ഗാനരചയിതാവും കവിയും തിരക്കഥാകൃത്തുമായിരുന്ന ഗിരീഷ് പുത്തഞ്ചേരിയുടെ സ്മരണയ്ക്കായി സ്മാരകം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗിരീഷ് പുത്തഞ്ചേരിയുടെ സ്മാരകം നിർമ്മിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## അറബിക്കുളം നവീകരണം

2988 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.വി. വിജയന്റെ സ്മാരകമായ, മലമ്പുഴ മണ്ഡലത്തിലെ തസ്രാക്കിൽ സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ അറബിക്കുളം നവീകരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയം

2989 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കൃഷ്ണപുരം സാംസ്കാരിക കേന്ദ്രത്തിൽ തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**പത്മഭൂഷൻ കുഴൂർ നാരായണമാരാരുടെ സ്മരണയ്ക്കായുള്ള വാദ്യകലാ കേന്ദ്രം**

2990 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവാദ്യ കുലപതി പത്മഭൂഷൻ കുഴൂർ നാരായണമാരാരുടെ സ്മരണയ്ക്കായി തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പത്മഭൂഷൻ കുഴൂർ നാരായണമാരാർ ഫൗണ്ടേഷന്റെ പ്രവർത്തനത്തിനുള്ള ഗ്രാന്റിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**മൊഗ്രാലിൽ മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഉപകേന്ദ്രം**

2991 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ആസ്ഥാനമായി പ്രവർത്തിക്കുന്ന മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിൽ എവിടെയെല്ലാമാണ് പ്രവർത്തിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അക്കാദമിയുടെ ഉപകേന്ദ്രമോ മറ്റ് അനുബന്ധ സ്ഥാപനമോ 2006-2011 കാലയളവിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മൊഗ്രാലിൽ പ്രവർത്തിച്ചിരുന്നോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇശൽ ഗ്രാമം എന്നറിയപ്പെടുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാലിൽ മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഒരു ഉപകേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂൾ ഓഫ് മാപ്പിള ആർട്സ് നിലവിൽ കാസർകോട് ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

2992 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികാടിസ്ഥാനത്തിലുള്ള തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ;

(ബി) കോങ്ങാട് മണ്ഡലത്തിലെ കഥകളി, പൊറാട്ട് നാടകം കലാകാരന്മാരെയും പ്രസ്തുത കലാരൂപങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന കലാഗ്രാമം പദ്ധതി വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**ഫോക്‌ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രം**

2993 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോക്‌ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലേക്ക് ആവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ പഠനക്ലാസുകൾ, പരിശീലന പരിപാടികൾ എന്നിവ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ?

## കുന്ദമംഗലം ഉമ്പായി മ്യൂസിക് അക്കാഡമി

2994 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് ഉമ്പായി മ്യൂസിക് അക്കാഡമി ആരംഭിക്കുന്നതിന് സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) മ്യൂസിക് അക്കാഡമി കെട്ടിടം നിർമ്മിക്കുന്നതിനായി കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ; ആയതിന് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നാണെന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

## സാംസ്കാരിക സംഘടനകൾക്കുള്ള ധനസഹായം

2995 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഓരോന്നിനും എത്ര തുക ബഡ്ജറ്റ് വിഹിതമായി ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ വിവിധ സാംസ്കാരിക സംഘടനകൾക്ക് ഏതെല്ലാം പദ്ധതി മുഖേന ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; ആയതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## കലാ സാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ

2996 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ കലാ സാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ

ധനസഹായ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശാദാംശം നൽകുമോ;

(ബി) പ്രസ്തുത ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

## സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ

2997 **ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ യുവജന കമ്മീഷൻ നടത്തിയിട്ടുള്ള ഇടപെടലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സാമ്പത്തികവർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ ശമ്പളം, മറ്റു പദ്ധതികൾ എന്നിങ്ങനെ ഓരോ വർഷവും കമ്മീഷൻ ചെലവഴിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഗാർഹിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീ പീഡനങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവതീയുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കമ്മീഷൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| കേരള നിയമസഭാ | അംഗീകരിച്ച തീയതി: 28-06-2022 |
| സെക്രട്ടേറിയറ്റ്, | കവിത ഉണ്ണിത്താൻ, |
| തിരുവനന്തപുരം | സെക്രട്ടറി ഇൻ ചാർജ് |

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].